Vol No.31 No.01 Janauary 2022 കെസിബിസി മീഡിയ Rs.5.00

വത്തിക്കാൻ

# തരംഗം



**യഥാർത്ഥ മാനവീയ സാഹോദര്യത്തിന്**

*മതപരമായ വിവേചനവും പീഡനവും അനുഭവിക്കുന്ന എല്ലാവർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം ; മനുഷ്യകുടുംബത്തിലെ സഹോദരീസഹോദരന്മാരിൽ നിന്ന് ഉത്ഭവിക്കുന്ന അവരുടെ സ്വന്തം അവകാശങ്ങളും അന്തസ്സും അംഗീകരിക്കപ്പെടട്ടെ.*



ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാ നിയോഗം ജനുവരി 2022




തലശ്ശേരി അതിരൂപതയുടെ
നിയുക്ത ആർച്ചു ബിഷപ്പ്

മാർ ജോസഫ് പാംബ്ലാനിക്ക്

പ്രാർത്ഥനാശംസകൾ നേരുന്നു

**HINDUSTAN MOTORS**
NADAKKAVU , CALICUT
*The complete CAR accessories shop*

# വത്തിക്കാൻ തരംഗം
## VATHIKAN THARANGAM

January -2022

RN. 55 178/94

Monthly

പുസ്തകം- 30 ലക്കം-1

## ഉള്ളടക്കം


- എഡിറ്റോറിയൽ 4
- സമാധാനദിന സന്ദേശം 5
- മാനവസാഹോദര്യം 10
- സഭൈക്യ ചിന്തകളിലൂടെ 11
- പ്രത്യാശയുടെ 15
- മക്കൾക്ക് വേണ്ടി 18
- സമ്പദ്‌വ്യവസ്ഥ 22
- ജൂബിലി വർഷത്തിന്റെ 24
- അധ്വാനം അത്യന്താപേക്ഷിതം 26
- വാർത്തയും ചിന്തയും 42



മുഖ്യരക്ഷാധികാരി ◆ **ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി**

രക്ഷാധികാരികൾ ◆ **ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**

◆ **ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**

ചീഫ് എഡിറ്റർ ◆ **ഡോ. എബ്രാഹം ഇരിമ്പിനിക്കൽ**

എഡിറ്റർ ◆ **ആന്റണി ചടയംമുറി**

പത്രാധിപസമിതി

◆ **ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി** ◆ **ഡോ. ജേക്കബ്ബ് പ്രസാദ്**

◆ **ഡോ. ജോളി കരിമ്പിൽ** ◆ **ബ്രദർ തോമസ് പോൾ കൊടിയൻ**

ലീഗൽ അഡ്വൈസർ ◆ **അഡ്വ . റെനിൽ ആന്റോ**

ലേ ഔട്ട് & ഡിസൈൻ ◆ **മനു ആന്റണി**


Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

EDITORIAL



# ഐക്യത്തിന്റെ സാംസ്കാരികസാക്ഷ്യം അനിവാര്യം

ക്രൈസ്തവ ഐക്യത്തിനായി ജനുവരി 18 മുതൽ 20 വരെ പ്രാർത്ഥിക്കാൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തു. കിഴക്കു നിന്നും നക്ഷത്രം കണ്ട് ബത്ലഹേമിലേയ്ക്ക് രാജാവായ മിശിഹായെ ആരാധിക്കാൻ യാത്ര ചെയ്ത ജ്ഞാനികളുടെ അനുഭവത്തോട് ചേർത്ത് ഈ പ്രാർത്ഥനയാചരിക്കാനാണ് പാപ്പാ ആവശ്യപ്പെടുന്നത്. വ്യത്യസ്ത പശ്ചാത്തലത്തിലും പാരമ്പര്യത്തിലും കഴിയുന്ന ക്രൈസ്തവർ എല്ലാവരും ഇതുപോലെ ഐക്യത്തിലേക്കുള്ള തീർത്ഥ യാത്രയിലാണ്. യേശുവിനെ ലക്ഷ്യമാക്കി യാത്ര ചെയ്താൽ നാം എല്ലാവരും ലക്ഷ്യത്തിനരികിൽ എത്തിച്ചേരും. ഈ യാത്രയിൽ നമ്മുടെ സംഘർഷവും സഹനവും ഐക്യത്തിനായി സമർപ്പിക്കാം.

ക്രൈസ്തവ ഐക്യത്തിനും സാക്ഷ്യത്തിനും നമ്മുടെ നാട്ടിൽ ഏറെ പ്രാധാന്യമുണ്ട്. ജീവിതം സാക്ഷ്യമായി സമർപ്പിച്ച ധാരാളം. മിഷനറിമാർ നല്കിയ മാതൃക നമ്മുടെ സംസ്കാരത്തിലും ചരിത്രത്തിലും വരുത്തിയ മാറ്റം പകൽ പോലെ തെളിച്ചമുള്ളതാണ് എങ്കിലും അത്തരം ഉദാത്തമായ ജീവാർപ്പണങ്ങളെ കേവലം മതംമാറ്റ മാർഗ്ഗങ്ങൾ മാത്രമെന്ന് രാഷ്ട്രീയ ഗൂഢാലോചനകളുടെ കേവല നേട്ടത്തിനായി ഇകഴ്ത്തുമ്പോൾ പൊതുസമൂഹം നമ്മയെ പ്രതിരോധിക്കുന്നത് ക്രൈസ്തവദർശനത്തിനും സുവിശേഷത്തിനും ശക്തി നല്കുന്നു. ഭാഷ, സംസ്കാരം, വേഷം, ജാതി, മനുഷ്യ സ്വാതന്ത്ര്യം, വിദ്യാഭ്യാസം നേടാനുള്ള അവകാശം, രോഗീപരിചരണം എന്നിങ്ങനെ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും തിരുത്തുന്നതിനും നയിക്കുന്നതിനും ക്രൈസ്തവ മിഷനിറിമാർക്ക് സാധിച്ചു. ഇവരെല്ലാം ക്രിസ്തുവിലേക്ക് സഞ്ചരിക്കുന്നവരായിരുന്നു. ഐക്യത്തിന്റെ പൊതുഇടം. ഈ യാത്രയിൽ കണ്ടെത്താൻ നന്മ ലക്ഷ്യമാക്കുന്ന ഏവർക്കും സാധിക്കണം.



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

# മനുഷ്യമഹാകുടുംബത്തിൽ സമാധാനം ഏറെ അകലെ

*55-ാമത് ലോക സമാധാനദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകുന്ന സന്ദേശത്തിന്റെ സംക്ഷിപ്തമാണിത്*



വിശുദ്ധ. പോൾ ആറാമൻ സമാധാന മാർഗത്തിന് നൽകിയ പുതിയ പേര് 'സമഗ്ര പുരോഗതി എന്നാണ്. ഏറെദുഃഖകരമെന്ന് പറയട്ടെ, ഇന്ന് അനേകം മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽനിന്ന് സമാധാനം ഏറെ അകലെയാണ്. അപ്രകാരം ഇന്ന് പരസ്പരം പൂർണമായും ബന്ധിതമായ മനുഷ്യമഹാകുടുംബത്തിൽനിന്ന് അത് വിദൂരത്താണ്. രാഷ്ട്രങ്ങൾക്കിടയിലുള്ള സർഗാത്മകമായ സംഭാഷണം ലക്ഷ്യംവച്ചുകൊണ്ടുള്ള എണ്ണമറ്റ ഉദ്യമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും ചെകിടടപ്പിക്കുന്ന ശബ്ദം കൂടുതൽ രൂക്ഷമാവുകയാണ്. മഹാമാരിയുടെ മാനങ്ങളുള്ള അനേകം രോഗങ്ങൾ പടർന്നുപിടിക്കുമ്പോഴും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലങ്ങളും പരിസ്ഥിതി മലിനീകരണവും ഗുരുതരമായിക്കൊണ്ടിരിക്കുകയാണ്; വിശപ്പും ദാഹവുമെന്ന ദുരന്തം വർദ്ധിക്കുകയാണ്; ഐക്യദാർഢ്യപരമായ പങ്കുവയ്ക്കലല്ല, വ്യക്തികേന്ദ്രീകൃതമായ സാമ്പത്തിക മാതൃകകളാണ് പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നത്. പണ്ടത്തെ പ്രവാചകന്മാരുടെ കാലത്തെന്നപോലെ നമ്മുടെ ഇക്കാലത്തും കേൾക്കുന്നത് നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള യാചനതന്നെയായ 'പാവപ്പെട്ടവരുടെ കരച്ചിലും ഭൂമിയുടെ കരച്ചിലും' ആണ്.

കൂടുതൽ ശാന്തിനിറഞ്ഞ ഒരു ലോകത്തിന്റെ സംരചനയിൽ ഏവർക്കും സഹകരിച്ച് പ്രവർത്തിക്കാനാകും. ഇത് സമാരംഭിക്കേണ്ടത് വ്യക്തികളുടെ ഹൃദയങ്ങളിൽനിന്നും കുടുംബാംഗങ്ങളുടെ പരസ്പര ബന്ധങ്ങളിൽ നിന്നുമാണ്. ഒപ്പം, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിലുള്ള ബന്ധത്തിലും പ്രകൃതിയുമായുള്ള ബന്ധത്തിലും അതുപോലെ, ജനതകൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും ഈ സുസ്വരത നിലനിൽക്കണം.

നിതാന്തമായ ശാന്തി പുലരുന്നതിനുവേണ്ടി മൂന്നു മാർഗങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, തലമുറകൾ തമ്മിലുള്ള സംഭാഷണമാണ്. പങ്കുവയ്ക്കപ്പെടുന്ന പദ്ധതികളുടെ സാക്ഷാത്കാരത്തിന് അടിസ്ഥാനമായി അത് വർത്തിക്കും. രണ്ട്, സ്വാതന്ത്ര്യം, ഉത്തരവാദിത്തം, വളർച്ച എന്നീ ഘടകങ്ങളുള്ള വിദ്യാഭ്യാസം. മൂന്നാമതായി മനുഷ്യാന്തസ്സിന്റെ പൂർണ്ണമായ സാക്ഷാത്കാരത്തിനുതകുന്ന തൊഴിൽ. സാമൂഹികമായ ഒരു ഉടമ്പടിയുടെ സംരചനയ്ക്ക് വേണ്ട, ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണിവ.



ഇവയുടെ അഭാവത്തിൽ ഓരോ സമാധാന പദ്ധതിയും സാരവത്തല്ലാതായിത്തീരും.

തലമുറകൾ തമ്മിലുള്ള സംഭാഷണം

വിവരണാതീതമായ പ്രശ്നങ്ങൾക്ക് വഴിവച്ച മഹാമാരിയുടെ പിടിയിലമർന്ന ലോകത്ത്, ചിലർ തങ്ങളുടെ ഇടുങ്ങിയ ആവൃതിയിൽ അഭയം പ്രാപിച്ചുകൊണ്ട് യാഥാർഥ്യത്തിൽനിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്നുണ്ട്. അതേസമയം, മറ്റുചിലർ അതിനോട് പ്രതികരിക്കുന്നത് വിനാശകരമായ ഹിംസയിലൂടെയാണ്. എന്നാൽ, സ്വാർത്ഥമായ നിസ്സംഗതയ്ക്കും ഹിംസാത്മകമായ പ്രതിഷേധങ്ങൾക്കുമിടയിൽ സാധ്യമായ മറ്റൊരു മാർഗം 'ഡയലോഗ്" ആണ്. തലമുറകൾ തമ്മിലുള്ള സംഭാഷണമാണത്.

സത്യസന്ധമായ എല്ലാ സംഭാഷണങ്ങൾക്കും ശരിയായ, ഭാവാത്മകമായ ആശയങ്ങളുടെയും ദർശനങ്ങളുടെയും വിനിമയം എന്നതിനുപുറമെ, പങ്കാളികൾക്കിടയിലുള്ള പരസ്പരവിശ്വാസം ആവശ്യമുണ്ട്. ഈ പരസ്പര വിശ്വാസം വീണ്ടെടുക്കാൻ നാം പഠിക്കണം. ഇക്കാലത്തെ ഈ ആരോഗ്യ പ്രതിസന്ധി നമ്മുടെ ഒറ്റപ്പെടൽ മനോഭാവത്തെയും, തന്നിലേക്ക്തന്നെ ഉൾവലിയാനുള്ള പ്രവണതയെയും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രായംചെന്നവരുടെ ഏകാന്തതയ്ക്ക് ഒപ്പം നിൽക്കുന്നതാണ് യുവതയുടെ നിസ്സഹായതയും ഭാവിയെക്കുറിച്ചുള്ള ദർശനങ്ങളുടെ അഭാവവും. ഈ പകർച്ചവ്യാധി, തീർച്ചയായും, വേദനാജനകമായിരുന്നു. എന്നാൽ, ജനങ്ങളിലുള്ള ഏറ്റവും മഹത്തായ നന്മ പുറത്തുകൊണ്ടുവരുന്നതിനും അത് സഹായകമായി. മഹാമാരിക്കാലത്ത് കരുണയുടെ ഉദാരവും ഉദാത്തവുമായ അനവധി ഉദാഹരണങ്ങൾ നാം കണ്ടു. പങ്കുവയ്ക്കലും കൂട്ടായ്മയും ലോകത്തിന്റെ എല്ലാഭാഗത്തും പ്രകടമായി.

സാങ്കേതിക വിദ്യയിലും സാമ്പത്തിക മേഖലയിലും ഉണ്ടായ വളർച്ച മൂലം, തലമുറകൾക്കിടയിൽ ഒരു വിഭജനം ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ പ്രതിസന്ധി തലമുറകളുടെ പങ്കാളിത്തത്തിന്റെ ആവശ്യകതയെയാണ് എടുത്തുകാണിക്കുന്നത്. യുവാക്കൾക്ക് മുതിർന്നവരുടെ അറിവും അനുഭവജ്ഞാനവും ആവശ്യമായിരിക്കുന്നതുപോലെ മുതിർന്നവർക്ക് യുവാക്കളുടെ പിന്തുണയും സ്നേഹവും ഒപ്പം അവർക്കുണ്ടായിരിക്കുന്ന സർഗാത്മകതയും ചലനാത്മകതയും ആവശ്യമാണ്.

പ്രശ്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയിൽ ഇപ്ര

കാരം തലമുറകൾ തമ്മിലുള്ള സംഭാഷണം നടത്തുകയാണെങ്കിൽ 'വർത്തമാനകാലത്ത് വേരൂന്നി നിന്നുകൊണ്ട് ഭൂതകാലത്തെ പുനഃസന്ദർശിക്കാനും ഭാവിയെ ദർശിക്കാനും സാധിക്കും. ഭൂതകാലത്തെ നാം പുനഃസന്ദർശിക്കുന്നത് ചരിത്രത്തിൽനിന്ന് പഠിക്കുന്നതിനും ഇന്നും നമ്മെ അലട്ടുന്ന ചില പഴയ മുറിവുകൾ ഉണക്കുന്നതിനും വേണ്ടിയാണ്. ഭാവിയിലേക്ക് നോക്കുന്നത് നമ്മുടെ ഉത്സാഹത്തെ പരിപോഷിപ്പിക്കുന്നതിനും പുതിയ സ്വപ്നങ്ങൾ നെയ്തെടുക്കുന്നതിനും പുതിയ പ്രവചനങ്ങളെ ഉണർത്തുന്നതിനും പ്രത്യാശ പൂവണിയുന്നതിനും ഉപകരിക്കും. ഒരുമിച്ച് നമുക്ക് പങ്കുവച്ച് പഠിക്കാം. വേരുകളില്ലാതെ മരങ്ങൾക്ക് എങ്ങനെയാണ് വളരാനും ഫലം പുറപ്പെടുവിക്കാനും സാധിക്കുക?

നാം നമ്മുടെ പൊതു'ഭവനത്തെക്കുറിച്ചുള്ള കരുതലിനെപ്പറ്റി ചിന്തിക്കുക മാത്രമേ വേണ്ടൂ. യഥാർത്ഥത്തിൽ, പരിസ്ഥിതി ഓരോതലമുറയ്ക്കും കടമായി നല്കപ്പെട്ടതാണ്, അടുത്ത തലമുറയ്ക്ക് കൈമാറാൻ വേണ്ടി. കൂടുതൽ നീതിയുക്തമായ, നീതിനിറഞ്ഞ ഒരു ലോകത്തിനുവേണ്ടി പ്രവർത്തിക്കുന്ന യുവാക്കളെ നാം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ആ ലോകം നമ്മുടെ കാവലിനും സൂക്ഷിപ്പിനുമായി ഏല്പിക്കപ്പെട്ടിട്ടുള്ള സൃഷ്ടികളോട് കരുണാർദ്രമായ കരുതലുള്ളതാണ്. തികഞ്ഞ ഉത്സാഹത്തോടും ആർജ്ജവത്തോടും കൂടിയാണ് അവർ ഇക്കാര്യം നിർവ്വഹിക്കുന്നത്. ഇന്നത്തെ ധാർമ്മിക സാമൂഹിക പാരിസ്ഥിതിക പ്രതിസന്ധികൾ ഉയർത്തുന്ന വെല്ലുവിളികൾ അനിവാര്യമാക്കുന്ന അടിയന്തരമായ ഗതിമാറ്റമാണ് അവരെ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നത്.

സമാധാനത്തിന്റെ പാതകൾ കൂട്ടായി നിർമ്മിക്കാനുള്ള സാഹചര്യത്തിന് വിദ്യാഭ്യാസവും തൊഴിലും അവഗണിക്കാനാവില്ല. ഇവരണ്ടുമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വേദിയും പശ്ചാത്തലവും ഒരുക്കുന്നത്. വിദ്യാഭ്യാസമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വ്യാകരണം നൽകുന്നത്. തൊഴിലിന്റെ അനുഭവം വഴി വിവിധ തലമുറകളിലെ പുരുഷന്മാരും സ്ത്രീകളും പ്രാഗല്ഭ്യവും അനുഭവജ്ഞാനവും നൈപുണ്യവും പങ്കുവയ്ക്കുകയും പൊതുനന്മയെ കരുതി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാധ്യതയെ സാക്ഷാത്കരിക്കുകയും ചെയ്യുന്നു.

സമാധാനത്തിന്റെ ചാലകശക്തി

അടുത്തകാലത്ത് ലോകമാസകലം വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി ലഭിച്ചിരുന്ന ഫണ്ടുകളിൽ നിർണ്ണായകമായ ഇടിവുണ്ടായി. ഒരു നിക്ഷേപം എന്നതിനെക്കാൾ ചെലവായിട്ടാണ് ഇവയെ കണക്കാക്കിയിരുന്നത്. എന്നിരുന്നാലും, സമഗ്രമായ മാനുഷിക വികസനത്തിന്റെ പ്രാഥമികമായ ഉപകരണമാണത്. വ്യക്തികളെ കൂടുതൽ സ്വതന്ത്രരും ഉത്തരവാദിത്തമുള്ളവരും ആക്കുന്നത് വിദ്യാഭ്യാസമാണ്. സമാധാനത്തിന്റെ സാധൂകരണത്തിനും ഉന്നമനത്തിനും അത്യന്താപേക്ഷിതമാണത്. ചുരുക്കത്തിൽ, ഒത്തൊരുമയുള്ള ഒരു പൗരസമൂഹത്തിന്റെ അടിസ്ഥാനം അധ്യാപനവും വിശ്വാസവുമാണ്. അവ പ്രത്യാശയും ഐശ്വര്യവും പുരോഗതിയും സൃഷ്ടിക്കുന്നു.

വിദ്യാഭ്യാസത്തിനും ആയുധ സംഭരണത്തിനുമായി പൊതുഖജനാവിൽ നിന്ന് നീക്കിവയ്ക്കുന്ന വിഹിതങ്ങളിൽ ഒരു വിപരീതാനുപാതം നടപ്പിൽ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആത്മാർത്ഥമായ ഒരു അന്തർദ്ദേശീയ നിരായുധീകരണ പ്രക്രിയായജ്ഞം തുടങ്ങുന്നത് ജനതതികൾക്കും രാഷ്ട്രങ്ങൾക്കും വലിയ നേട്ടമായിരിക്കും. അതുവഴി മാറ്റിവയ്ക്കാൻ കഴിയുന്ന ഫണ്ടുപയോഗിച്ച് ആരോഗ്യപരിരക്ഷ, സ്കൂളുകൾ അടിസ്ഥാന സൗകര്യ വികസനം, ഭൂമിയുടെ പരിരക്ഷ എന്നിവ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയും.

വിദ്യാഭ്യാസത്തിൽ നടത്തുന്ന മുതൽമുടക്കിനെ തുടർന്ന് കരുതലിന്റെ ഒരു സംസ്കാരം വളർത്തുന്നതിനുള്ള കൂടുതലായ ഉദ്യമങ്ങളും ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സാമൂഹിക



വിഭാഗീകരണങ്ങളും, നിസ്സംഗത പുലർത്തുന്ന സ്ഥാപനങ്ങളും നിലനിൽക്കുന്നതിനിടയിൽ ഇത് ഒരു പൊതു്ഭാഷയായി വികസിച്ച് തടസ്സങ്ങളും മതിലുകളും തട്ടിനിരത്തി പരസ്പര ധാരണയുടെ ഒരു പാലം പണിയാൻ അതിടയാക്കും. "ഒരു രാജ്യം തിളങ്ങിവിളങ്ങുന്നത് സർഗാത്മകമായ സംഭാഷണം സമ്പന്നമായ അതിന്റെ സാംസ്കാരിക ഘടകങ്ങൾക്കിടയിൽ നടക്കുമ്പോഴാണ്. ജനപ്രിയ സംസ്കാരം, സർവ്വകലാശാലാ സംസ്കാരം, യുവജന സംസ്കാരം, കലാസാംസ്കാരം, സാങ്കേതിക സംസ്കാരം, സാമ്പത്തിക സംസ്കാരം, കുടുംബ സംസ്കാരം, മാധ്യമ സംസ്കാരം എന്നിവ സംസ്കാരത്തിന്റെ വിവിധ ഘടകങ്ങളാണ്." ആയതിനാൽ, സംസ്കാരത്തിന്റെ ഒരു നവ മാതൃക വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പുതിയ തലമുറയുടെ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും നാം നിക്ഷേപങ്ങൾ നടത്തുക വഴി, അവരുടെ സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അവരെ നമുക്ക് സഹായിക്കാനാകും. അപ്രകാരം, അവർ അർഹിക്കുന്ന തൊഴിൽ അവർക്ക് സംലഭ്യമാവുകയും ചെയ്യും.

തൊഴിൽ സൃഷ്ടിക്കണം ഉറപ്പാക്കണം

സമാധാനം സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും തൊഴിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്. നമ്മുടെയും നമ്മുടെ താലന്തുകളുടെയും പ്രതിബദ്ധതയുടെയും നിക്ഷേപങ്ങളുടെയും സഹകരണത്തിന്റെയും പ്രകാശനമാണ് നാം ചെയ്യുന്ന തൊഴിൽ. മറ്റുള്ളവർക്കൊപ്പമോ മറ്റൊരാൾക്കുവേണ്ടിയോ ആണല്ലോ നാം സാധാരണയായി ജോലി ചെയ്യുക. ഈ സാമൂഹിക പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ കൂടുതൽ സുന്ദരവും ജീവിക്കാൻ ഉതകുന്നതുമായ ലോകത്തിന്റെ സംരചനയിൽ സംഭാവനകളർപ്പിക്കാൻ നമ്മുടെ തൊഴിലിടം നമ്മെ പ്രാപ്തരാക്കും.

കോവിഡ് 19 എന്ന മഹാമാരി നമ്മുടെ തൊഴിൽമേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു രംഗമാണിത്. ദശലക്ഷക്കണക്കിന് വരുന്ന സാമ്പത്തിക ഉൽപ്പാദന സംരംഭങ്ങൾ

പാടേ പരാജയപ്പെട്ടു. ദിവസ വേതനക്കാരായ തൊഴിലാളികൾ കൂടുതൽ കഷ്ടത്തിലായി. അവശ്യ സേവന മേഖലകളിൽ തൊഴിലെടുത്തിരുന്നവരുടെ സാമൂഹിക സ്ഥിതി കൂടുതൽ പരിതാപകരമാണ്. വിദൂരവിദ്യാഭ്യാസം മൂലം പഠനത്തിൽ പോരായ്മകളുണ്ടായി. കോഴ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാനായില്ല. തൊഴിൽമേഖലയിൽ പ്രവേശിക്കാൻ കാത്തിരിക്കുന്നവരും തൊഴിലില്ലാതായിത്തീർന്ന യുവാക്കളും അഭിമുഖീകരിക്കുന്നത് ഇരുണ്ട ഭാവിയെയാണ്.

അനൗപചാരിക സാമ്പത്തിക മേഖലയിലും സവിശേഷമായ രീതിയിൽ ഈ പ്രതിസന്ധിയുടെ ആഘാതം ഏറെ നാശം വിതച്ചു. അതിഥിത്തൊഴിലാളികളാണ് ഇതിന്റെ ആഘാതം ഏറ്റവുമധികം ഏറ്റുവാങ്ങിയത്. പലരാജ്യങ്ങളും അതിഥിത്തൊഴിലാളികളെ അംഗീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് അസ്തിത്വമില്ലാത്ത സ്ഥിതിയാണുള്ളത്. അവരും അവരുടെ കുടുംബങ്ങളും ജീവിക്കുന്നത് വളരെ ദയനീയമായ അവസ്ഥയിലാണ്. പലതരത്തിലുള്ള അടിമത്തങ്ങൾക്കും ഇരയാണവർ. അവരെ സംരക്ഷിക്കുന്നതിനുള്ള യാതൊരുവിധ ക്ഷേമപദ്ധതികളും പലയിടങ്ങളിലുമില്ല. ലോകത്തിലെ തൊഴിലാളികളിൽ മൂന്നിൽ ഒരാൾക്ക് മാത്രമേ സാമൂഹിക സുരക്ഷയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ. ഹിംസയും സംഘടിതമായ കുറ്റകൃത്യങ്ങളും പലരാജ്യങ്ങളിലും വർദ്ധിച്ചുവരുന്നത് പ്രതികൂലമായി ബാധിക്കുന്നത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അന്തസ്സിനെയുമാണ്. അത് സാമ്പത്തിക വ്യവസ്ഥയെ വിഷലിപ്തമാക്കുകയും പൊതുനന്മയുടെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇതിനുള്ള ഏക പരിഹാരം അന്തസ്സുള്ള തൊഴിലവസരങ്ങളുടെ വികാസമാണ്.

ഏതൊരുസമൂഹത്തിലും നീതിയും അഖണ്ഡതയും വളർത്തിയെടുക്കേണ്ടത് തൊഴിലിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഇക്കാരണത്താൽ, മനുഷ്യാധ്വാനത്തെ പാടേ ഇല്ലാതാക്കുന്ന സാങ്കേതിക വളർച്ച ഉണ്ടാകണമെന്ന ലക്ഷ്യം നാം മുന്നിൽ വയ്ക്കരുത്. അത് മനുഷ്യവംശത്തിനുതന്നെ നാശകരമായിരിക്കും. തൊഴിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ഭൂമിയിലെ ജീവിതത്തിന് അർത്ഥം നൽകുന്ന മുഖ്യ ഘടകമാണത്. വളർച്ചയിലേക്കും മാനുഷികമായ വികാസത്തിലേക്കും വ്യക്തിപരമായ സാഫല്യത്തിലേക്കുമുള്ള പാതയാണത്. നമ്മുടെ ആശയങ്ങളും പരിശ്രമങ്ങളും സമന്വയിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്തി തൊഴിലെടുക്കാൻ തക്ക പ്രായമുള്ളവർക്കൊക്കെ തൊഴിൽ ചെയ്യാനുള്ള അവസരം ലഭ്യമാക്കണം. അപ്രകാരം ഓരോരുത്തരുടെയും കുടുംബജീവിതത്തിലേക്കും സമൂഹത്തിന് മൊത്തത്തിലും സേവനമർപ്പിക്കാൻ സാഹചര്യം സൃഷ്ടിക്കപ്പെടും.

മറ്റെല്ലാ കാലത്തെയുംകാൾ ലോകത്താകമാനം മെച്ചപ്പെട്ടതും അന്തസ്സാർന്നതുമായ തൊഴിൽസാഹചര്യം ഉറപ്പാക്കുന്നതിന് അടിയന്തിര പ്രാധാന്യമുണ്ട്. അത് പൊതു നന്മയെ ലക്ഷ്യം വെയ്ക്കുന്നതും സൃഷ്ടിയെ ആകെ പരിപാലിക്കുന്നതുമായിരിക്കണം. ബിസിനസ് സംരംഭകരുടെ ഉദ്യമങ്ങളെ ഉറപ്പാക്കുകയും പിന്തുണയ്ക്കുകയും വേണം. അതേസമയം, സാമൂഹിക ഉത്തരവാദിത്വത്തെക്കുറിച്ച് നവമായൊരു അവബോധം അത്യാവശ്യമായും പ്രോത്സാഹിക്കപ്പെടണം. അതുവഴി ലാഭം മാത്രമാണ് ഏകചാലകശക്തി എന്ന മാനദണ്ഡം ഇല്ലാതാവും.

പ്രിയ സഹോദരീസഹോദരന്മാരേ, മഹാമാരിയിൽ നിന്നും രക്ഷനേടാൻ നാം സഹകരിച്ച് സംഘാതമായി നമ്മുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടു പോകുമ്പോൾ ഉദാരമായി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന എല്ലാവരോടുമുള്ള എന്റെ കൃതജ്ഞത ഞാൻ വീണ്ടും നവീകരിക്കുന്നു. വിദ്യാഭ്യാസം, സുരക്ഷ, അവകാശസംരക്ഷണം ആരോഗ്യപരിരക്ഷ, കുടുംബങ്ങളുടെയും രോഗികളുടെയും ശുശ്രൂഷ, ജീവകാരുണ്യ പ്രവർത്തനം, തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം എന്നീ മേഖലകളിൽ സേവനം ചെയ്യുന്ന സർവരെയും നന്ദിപൂർവം സ്മരിക്കുന്നു. കഷ്ടപ്പാടനുഭവിക്കുന്ന സകലരെയും അവരുടെ കുടുംബങ്ങളെയും എന്റെ പ്രാർത്ഥനകളിൽ ഓർമ്മിക്കുന്നു.

# മാനവ സാഹോദര്യവും മതസൗഹാർദ്ദവും ഫ്രാൻസീസ് പാപ്പയുടെ ഭാരതസന്ദർശനപശ്ചാത്തലത്തിൽ

*കെസിബിസിയുടെ മതാന്തരസംഭാഷണ കമ്മീഷന്റെ സെ ക്രട്ടറിയും പിഒസിയുടെ ഡയറക്ടറും, കെ സിബിസി ഡെപ്യൂട്ടി സെക്രട്ടറിയുമായിരുന്ന ലേഖകൻ **M. G. University**യിൽനിന്ന് **History** യിൽ ബിരുദാനന്തര ബിരുദവും, സഭാവിജ്ഞാനീയത്തിലും ഇതരമത ദൈവ ശാസ്ത്രത്തിലും ബെൽജിയത്തെ ലുവെയ്ൻ യൂണിവേഴ്സിറ്റി യിൽ നിന്ന് ഡോക്ടറേറ്റും നേ ടിയിട്ടുണ്ട്. **(കഴിഞ്ഞലക്കം തുടർച്ച)**



*** ഫാ. ഡോ. സക്കറിയാസ് പറനിലം**

**4. മതസ്വാതന്ത്ര്യവും മതസൗഹാർദ്ദവും**

മതസ്വാതന്ത്ര്യം മതമൈത്രിയുടെ സാധ്യത പ്രഖ്യാപിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുവെന്നുള്ള പാപ്പായുടെ നിരീക്ഷണം ശ്രദ്ധേയമാണ്10. മതസ്വാതന്ത്ര്യം എല്ലാ മതങ്ങൾക്കും മതവിശ്വാസി കൾക്കുമുള്ള മൗലികമായ മനുഷ്യാവകാശമാണ്. നിർബന്ധങ്ങളും ബലപ്രയോഗങ്ങളും ഇല്ലാത്തതും മനസ്സാക്ഷിക്കനുസൃതവുമായ തിരഞ്ഞെടുപ്പ് സാധ്യമാക്കുന്ന സ്ഥിതി സ്വാതന്ത്ര്യം സൃഷ്ടിക്കുന്നു.

മതസ്വാതന്ത്ര്യം മതങ്ങൾക്കു തമ്മിൽ മൈത്രിയും പരസ്പര ധാരണയും സൃഷ്ടിക്കാനും പ്രശാന്തവും സമാധാനപൂർണ്ണവുമായ സഹവർത്തിത്വത്തിനുള്ള വഴികണ്ടെത്താനും നമുക്ക് സാധിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. ഈ സാധ്യതയുടെ സാക്ഷാത്കാരത്തിനു വേണ്ടത് എന്താണ്? ബഹുസ്വരതയുടെ ഭാവാത്മകത തിരിച്ചറിയണം. വിവിധ മതങ്ങൾ പങ്കുചേരുന്ന സുപ്രധാനകാര്യങ്ങൾ ഏറെയാണെന്നുള്ള വസ്തുത വിസ്മരിക്കാതിരിക്കണം. മതവിശ്വാസികളെല്ലാം ഏകദൈവത്തിന്റെ മക്കളും അതിനാൽ തന്നെ സഹോദരീസഹോദരന്മാരുമാണെന്ന ആനന്ദകരമായ സത്യം സദാ സ്മരിക്കണം. Religious freedom proclaimes that "we can build harmony... between religions... It also testfies to the fact... that since the important things we share are many, it is possible to find a means of... peaceful coexistence, accepting our differences and rejoicing that, as children of one God, we are all brothers and sisters" 11.

**5. ഇതരമത ദൈവശാസ്ത്രം**

ക്രൈസ്തവസഭയ്ക്ക് ഇതരമതങ്ങളോടുള്ള സമീപനം എന്തായിരിക്കണമെന്ന് പഠിക്കുന്ന ദൈവശാസ്ത്രശാഖയാണ് ഇതരമത ദൈവശാസ്ത്രം (Theology of Religions). ഈ വിഷയത്തിൽ രണ്ടാംവത്തിക്കാൻ കൗൺസിലിൽ ഗണ്യമായ മുന്നേറ്റമാണുണ്ടായത്. പുതിയ തുറവി ഗുണകരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മതവൈവിധ്യത്തെ ദൈവികപദ്ധതിയായി ഫ്രാൻസിസ് മാർപ്പാപ്പ കാണുന്നുവെന്ന കാര്യം സൂചിപ്പിക്കുകയുണ്ടായല്ലോ. ഇതരമതങ്ങൾ അവരവരുടെ ഉറവിടങ്ങളിൽ നിന്ന് ഊർജ്ജവും വെളിച്ചവും നേടും എന്നതാണ്



നിലപാട്: "Others drink from other sources." മതങ്ങളെ ക്കുറിച്ച് സംയുക്തമായി പരാമർശിക്കുന്ന പലയിടത്തും ക്രിസ്തു മതത്തെ മാത്രമല്ല ഇതര മതങ്ങളെയും ഭാവാത്മകമായാണ് ചാക്രിക ലേഖനം പ രിഗണിക്കുന്നത്. ഇതര മതങ്ങളെക്കുറിച്ച് സവിശേഷമായി പറയുന്നിടത്ത് അവയിൽ ''ദൈവം പ്രവർത്തിക്കുന്നു'' എന്ന് വ്യക്തമാ ക്കിയിരിക്കുന്നു: "The church esteems the ways in which God works in other religions" (No. 277). ഈ നിലപാട് കാൾ റാനറുടെ "Anonymous Christians"12 (നിത്യരക്ഷയുടെ പാതയിലായിരിക്കുന്ന ഇതര മതസ്ഥരെയാണ് റാനർ ''അജ്ഞാത ക്രൈസ്തവർ'' എന്നു വിളിച്ചത്) എന്ന ന ിലപാടിനേക്കാൾ ഭാവാത്മകമാണ്. ഇതര മതങ്ങളിൽ സത്യവും വിശുദ്ധവുമായ പ ലതുമുണ്ടെന്നും അവരുടെ ധാർമ്മിക കല്പനകളിലും വിശ്വാസ പ്രമാണങ്ങളിലും ദൈവികവെളിച്ചം പ്രതിഫലിക്കുന്നു വെന്നും രണ്ടാംവത്തിക്കാൻ കൗൺസിൽ പറഞ്ഞിട്ടുള്ളതാണ്13. ഇതരമത വിശ്വാസികളിൽ വ്യക്തികളെന്ന ന ിലയിൽ മാത്രമല്ല മതസമൂഹങ്ങളെന്ന ന ിലയിൽതന്നെ ദൈവം പ്രവർത്തിക്കുന്നുവെന്ന് കത്തോലിക്കാസഭ പിന്നീടും പ്രഖ്യാപിച്ചിട്ടുണ്ട് 14. രണ്ടാം വത്തിക്കാൻ കൗൺസിലിന്റേയും കൗൺസിലനന്തര കണ്ടെത്തലുകളുടേയും പുരോഗതി ഉറപ്പാക്കുന്നതാണ് ഫ്രാൻസിസ് മാർപ്പാപ്പയുടെ സംഭാവനകൾ.

മതങ്ങളുടെ രക്ഷാകരമൂല്യത്തെക്കുറിച്ച് പരോക്ഷമായ സൂചനകളെ രണ്ടാം വത്തിക്കാൻ കൗൺസിൽ നൽകുന്നുള്ളൂ. മതങ്ങളിൽ ദൈവം പ്രവർത്തിക്കുന്നുണ്ട്. സകലമനുഷ്യരുടെയും രക്ഷ ദൈവം ആഗ്രഹിക്കുന്നു. (1 തിമോ. 2: 4a). നല്ല മന സ്സാക്ഷി ഉണ്ടായിരിക്കുകയും അതിനെ അന ുസരിക്കുകയും ചെയ്യുന്നവരെല്ലാം രക്ഷപെ ടുമെന്ന് കൗൺസിലും പ്രസ്താവിച്ചിട്ടുണ്ട്. (L.G. 16). ദൈവത്തിന്റെ ആഗ്രഹത്തിന്റെയും കൗൺസിലിന്റെ പ്രസ്താവനയുടെയും സാക്ഷാത്ക്കാരത്തിന്റെ ചരിത്രത്തിലെ സാമൂഹികമായ മാധ്യമങ്ങളായി മതങ്ങൾ വർത്തിക്കുന്നു. രക്ഷാകരമായി ആവശ്യമായത്ര സത്യം എല്ലാവരും അറിയണമെന്ന് ദൈവത്തിന് നിർബന്ധമുണ്ട്. (1 തിമോ. 2: 4b). രക്ഷ (salvation) യെ സംബ ന്ധിച്ച് ജ്ഞാനം അത്തരത്തിലുള്ളതായതു കൊണ്ട് രക്ഷിക്കപ്പെടുന്ന ഇതരമതസ്ഥരെ ''അഞ്ജാതക്രൈസ്തവർ'' എന്നല്ല ''ദൈവമക്കൾ'' എന്നു വിളിക്കുന്നതാവും കൂടുതൽ യുക്തം. ആത്മീയത നേ ടുവാനുള്ള മാർഗ്ഗങ്ങൾ എന്ന നിലയിൽ വസ്തുനിഷ്ഠമായി (objectively) സഭയും ഇതരമതങ്ങളും തമ്മിൽ ഏറെ സമാനതകളും സൗഹാർദ്ദവുമുണ്ട്. ദൈവരാജ്യമൂല്യങ്ങളെന്നു കൂടി വിളിക്കാവുന്ന സുവിശേഷമൂല്യങ്ങളായ സത്യം, സ്നേഹം, നീതി, കരുണ, വിശ്വസ്തത, ക്ഷമ തുടങ്ങിയവ സാക്ഷാത്ക്കരിച്ചാലേ രക്ഷാപ്രാപിക്കൂ എന്ന് ക്രൈസ്തവർ പറയും. ഇതേ മൂല്യങ്ങളെ മാനവമൂല്യങ്ങൾ എന്നും വിളിക്കാം. ഈ മൂല്യങ്ങളനുസരിച്ച് ജീവിത വിജയം നേടാൻ സഹായിക്കുന്ന സാമൂഹിക പദ്ധതികളാണ് മതങ്ങൾ. അവയ്ക്കിടയിൽ സൗഹാർദ്ദം സ്വാഭാവികമാണ്. ഇതിന്റെ സാന്ദ്രത വർദ്ധിക്കുന്നതു വ്യക്തിപരമായി

മനുഷ്യനും സമൂഹപരമായി മതങ്ങൾക്കും നേട്ടമാകും.

6. ശാന്തിതീരത്തെ ഭീകരത

ഇതിനകം സൂചിപ്പിച്ചതുപോലെ ആത്മാർത്ഥമായ മതജീവിതം വിവേചനവും, വിദ്വേഷവും അക്രമവും അല്ല; ജീവന്റെ വിശുദ്ധിയോടും സ്വാതന്ത്ര്യത്തിന്റെ മഹത്ത്വത്തോടും ആദരവു കാട്ടുകയും എല്ലാവരുടെയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുകയുമാണ്. മതബോധ്യങ്ങളിൽ അക്രമത്തിന് സ്ഥാനമില്ല. മതങ്ങളുടെ സമാധാന ത്തിലുള്ള തീർത്ഥയാത്ര സാധ്യമാണ്. ഇത് തിരിച്ചറിയാൻ യഥാർത്ഥമായ ദൈവാന്വേഷണം സഹായിക്കുന്നുണ്ട്. ഈ ശാന്തി തീരത്ത് ഭീകരതയും അക്രമവും കരിനിഴൽ വീഴ്ത്തിക്കൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ചാക്രികലേഖനം അതിന്റെ കാരണങ്ങൾ കണ്ടെ ത്തുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു (നമ്പർ 281-285). വിശപ്പ്, ദാരിദ്ര്യം, അനീതി, അഭിമാനം തുടങ്ങിയവയോട് ബന്ധപ്പെട്ട തെറ്റായ നയങ്ങൾ (നമ്പർ 283) ഭീകരതയ്ക്കും അക്രമ ങ്ങൾക്കും കാരണമാകാറുണ്ട്. ഭീകരപ്രവർത്തനങ്ങളെ സാമ്പത്തി കമായി സഹായിക്കുന്നതും യുദ്ധോപകരണങ്ങളും സാങ്കേതിക വിദ്യകളും വിതരണം ചെയ്യുന്നതും ഭീകരതയെ മാധ്യമങ്ങളിലൂടെ നീതീകരിക്കുന്നതുമൊക്കെ അന്തർദേശീയ കുറ്റങ്ങളായി പരിഗണി ക്കണം. ക്രിസ്തുമതത്തിലുൾപ്പെടെയുള്ള മൗലികവാദ പ്രവണ തയെയാണ് മതസൗഹാർദ്ദത്തിനെതിരായ മുഖ്യഭീഷണിയായി ഫ്രാൻസിസ് മാർപ്പാപ്പാ ചൂണ്ടിക്കാട്ടുന്നത്15. മൗലികവാദം തീവ്രവാ ദവും, അക്രമവുമായി മാറുന്നു.

മതകാര്യങ്ങളുടെ തെറ്റായ വ്യാഖ്യാനമാണ് മതത്തിന്റെ പേരി ലുള്ള തിന്മകൾക്ക് മുഖ്യകാരണം. മതത്തിന്റെ പേരിലുള്ള ഭീകരപ്രവർത്തനങ്ങൾ മതഗ്രന്ഥങ്ങളുടെ തെറ്റായ വ്യാഖ്യാനത്തിന്റെ ഫലമാണ് (Terrorism is due to “an accumulation of incorrect interpretations of religious texts” (No. 283). ഇക്കാര്യത്തിന് ഗ്രാന്റ് ഇമാമിനോട് ചേർന്ന് പ്രസിദ്ധീകരിച്ച രേഖയിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് ചാക്രിക ലേഖനം വീണ്ടും അടിവരയിടുന്നു, മനുഷ്യഹൃദയങ്ങളിലുള്ള മതവികാരങ്ങളുടെ ശക്തി ദുരുപയോഗപ്പെടുത്തിക്കൊണ്ട് മുതലെടുപ്പ് നടത്തുന്ന ചില മതഗ്രൂപ്പുകളുടെ തെറ്റായ വ്യാഖ്യാനഫലങ്ങളാണ് മതങ്ങളുടെ പേരിൽ അരങ്ങേറുന്ന യുദ്ധങ്ങളും ശത്രുതയും തീവ്രവാദവും.

യഥാർത്ഥമായ ഈശ്വരഭക്തിയുടെ ഫലമല്ല ഭീകരതയെന്ന് ചാക്രികലേഖനം വചനാധിഷ്ഠിതമായി സ്ഥാപിക്കുന്നു: ‘‘സ്നേഹി ക്കാത്തയാൾ ദൈവത്തെ അറിയുന്നില്ല എന്തെന്നാൽ ദൈവം സ്നേഹമാകുന്നു’’ (1 യോഹ 4:8).

മതഗ്രന്ഥങ്ങളും, ആചാരാനുഷ്ഠാനങ്ങളും വ്യാഖ്യാനിക്കപ്പെടണം എന്നുള്ളതാണ് ആദ്യപടി. അവയിൽ ചിലത് അക്ഷരാർത്ഥത്തിലോ പ്രത്യക്ഷാർത്ഥത്തിലോ സ്വീകരിക്കാനുദ്ദേശിക്കപ്പെട്ടിട്ടില്ല. അങ്ങനെ സ്വീകരിക്കുന്നത് അക്രമങ്ങൾക്ക് കാരണമാകാറുണ്ട്. വ്യാഖ്യാനം (Hermeneutics) സത്യസന്ധവും ശാസ്ത്രീയവുമാകണം. അതിന് പരിഗണിക്കേണ്ട പലതുണ്ട്. പാരമ്പര്യത്തിന്റെ ആരംഭചരിത്രവും ഗ്രന്ഥത്തിന്റെ രചനാകാല പ്രത്യേകതകളുമൊക്കെ പരിഗണിക്കേണ്ടിവരും. ഇവിടെ വിശ്വാസഭാഷയും (language of faith) മറ്റു ഭാഷയും തമ്മിലുള്ള വ്യത്യാസവും കണക്കിലെടുക്കണം. ശരിയായ ആകമാന സന്ദേശത്തിന് നിരക്കുന്ന വിധത്തിലാകണം മറ്റു ഭാഗങ്ങളുടെ വ്യാഖ്യാനം. ഇതുപോലുള്ള കാര്യങ്ങൾ ശ്രദ്ധിച്ച് ശരിയെന്നു കരുതാ വുന്ന സന്ദേശം കണ്ടുപിടിച്ചാലും സത്യം മറച്ചുവയ്ക്കുന്നതിനുള്ള പ്രലോഭനം പ്രതീക്ഷിക്കണം. ഇതിൽ വീഴുന്നത് അക്രമത്തിന് തിരികൊളുത്തും.

മതദർശനവും മതാന്തരസംഭാഷണവും ബഹുസ്വരതയും, ഇതരമത ദൈവശാസ്ത്രവും മതത്തിന്റെ പേരിലുള്ള ഭീകരത ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗങ്ങളും ചർച്ച ചെയ്യുന്ന മാർപ്പാപ്പായുടെ സംഭാവന മാനവ സാഹോദര്യവും മതസൗഹാർദ്ദവും വളർത്താതിരിക്കില്ല.

**വീഡിയോ ക്യു ആർ കോഡ്**



# ഫ്രാൻസീസ് പാപ്പായുടെ സഭൈക്യ ചിന്തകളിലൂടെ

*ജനുവരി 18 മുതൽ 25 വരേയാണ് എല്ലാ വർഷവും സഭൈക്യ വാര പ്രാർത്ഥന നടത്തുന്നത്.*



അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**

ഫ്രാൻസീസ് പാപ്പായുടെ സഭൈക്യ ചിന്തകളിലൂടെ

ജനുവരി 18 മുതൽ 25 വരേയാണ് എല്ലാ വർഷവും സഭൈക്യ വാര പ്രാർത്ഥന നടത്തുന്നത്. കത്തോലിക്കാ സഭയും സഭകളുടെ ലോക കൗൺസിലും സംയുക്തമായാണ് സഭൈക്യവാരത്തിലേക്കുള്ള പ്രാർത്ഥന തയ്യാറാക്കുന്നത്. ഈയവസരത്തിൽ പരിശുദ്ധാ പിതാവ് പ്രാൻസീസ് പാപ്പായുടെ സഭൈക്യ ചിന്തകൾ പങ്കുവക്കട്ടെ. ഈ കാലഘട്ടത്തിലെ ലോക മനസാക്ഷിയെന്ന് വിശേഷിപ്പിക്കാവുന്ന ഫ്രാൻസീസ് പാപ്പ 2013 മാർച്ച് 13ന് പത്രോസിന്റെ സിംഹാസനത്തിൽ അവരോധിതനായ അന്നു മുതൽ ക്രൈസ്തവൈക്യം ദൈവത്തിന്റെ കൃപയോടുള്ള ആശ്രയത്തോടെ സാധ്യമാകുമെന്ന് വിശ്വസിച്ച് സഭയെ നയിക്കുന്നു.

ഒത്തിരിയേറെ മണ്ഡലങ്ങളിൽ ആദ്യക്കാരനായ ഫ്രാൻസീസ് പാപ്പ എകുമെനിക്കൽ ഇടപെടലുകളിലും ചടുലമായ മുന്നേറ്റങ്ങൾ നടത്തുന്നു. കഴിഞ്ഞ ആയിരം വർഷങ്ങൾക്കുള്ളിൽ ആദ്യമായി എക്യുമെനിക്കൽ പാത്രിയർക്കീസ് ഒരു മാർപ്പാപ്പയുടെ സ്ഥാനാരോഹണത്തിൽ പങ്കെടുത്തത് ഫ്രാൻസീസ് പാപ്പായുടെതിലാണ്.

അതുപോലെ സാൽവേഷൻ ആർമിയുടെ ഇറ്റലിയിലെ പ്രധാന കേന്ദ്രമായ വാൾഡൻസിയൻസ് (Waldensians) സന്ദർശിച്ച് ആ സമൂഹത്തിന്റെ തലവന്മാരെ വത്തിക്കാനിലേ

ക്ക് ക്ഷണിച്ച ആദ്യത്തെ മാർപാപ്പയാണ് ഫ്രാൻസീസ് പാപ്പ.
മോസ്കോ പാത്രിയാർക്കീസിനെ 1438 ൽ എവുജിൻ നാലാമൽ പാപ്പ സന്ദർശിച്ചതിനു ശേഷം 578 വർഷങ്ങൾക്ക് ശേഷം 2016 ഫെബ്രുവരി 12 ന് ആണ് ഒരു പാപ്പ സന്ദർശിക്കുന്നത്. അത് ഫ്രാൻസീസ് പാപ്പയാണല്ലോ.

നവീകരണ ലൂഥറൻ സഭയുടെ 500–)ം വാർഷികത്തിന് ഫ്രാൻസിസ് പാപ്പ പങ്കെടുത്തതും പരസ്പരം ഉത്തരവാദിത്വബോധത്തോടെ രണ്ടു സഭകളും സംയുക്തമായി വിഘടനത്തിന് കാരണമായതിൽ പശ്ചാത്താപം പ്രകടിപ്പിക്കുകയും വിഘടനത്തെ തുടർന്നുണ്ടായ അക്രമണങ്ങൾക്കും അതിക്രമങ്ങൾക്കും പരസ്പരം മാപ്പു പറയുകയും പൊതുവായുള്ള സാക്ഷ്യത്തിന് ആഹ്വാനം ചെയ്യുകയും ചെയ്തത് ഫ്രാൻസീസ് പാപ്പായുടെ സഭൈക്യവീക്ഷണവും ആഗ്രഹവും പ്രകടമാക്കുന്നു. ഇത് ഇരു സഭകളും സാമൂഹ്യ പ്രവർത്തനങ്ങളിൽ പരസ്പരം കൈകോർക്കാനും ഇടയാക്കി. കത്തോലിക്കാ സഭയുടെ സാമൂഹ്യ സാമ്പത്തിക സഹായ പ്രസ്ഥാനമായ Caritas International ലും ആഗോള ലൂഥറൻ സഭയുടെ സാമൂഹ്യ സാമ്പത്തിക സംഘടനയായ World Service Federation നും സംയുക്തമായി പ്രവർത്തിക്കാമെന്ന ധാരണയിൽ ഒപ്പുവച്ചത് ഫ്രാൻസീസ് പാപ്പായുടെ സഭൈക്യധാരണ പ്രാവർത്തികമാണെന്നതിനുള്ള തെളിവാണ്.
റൗണ്ട് ടേബിൾ ചർച്ചകൾക്കും പഠന ശിബിരങ്ങൾക്കും ഉപരിയായി പ്രായോഗികമായി ഒത്തിരിയേറെ അകത്തോലിക്കാ സഭകളും സമൂഹങ്ങളുമായി പോപ്പ് ഫ്രാൻസീസ് ക്രിയാത്മകമായ ബന്ധമുണ്ടാക്കി സഭൈക്യത്തിനായി ശ്രമിക്കുന്നു.
ഫ്രാൻസീസ് പാപ്പ സഭൈക്യത്തെ കുറിച്ച് ഏറ്റവും സമ്യക്കായ് പ്രതിപാദിക്കുന്നത് 2013 നവംബർ 28 ന് പ്രസിദ്ധീകരിച്ച സുവിശേഷത്തിന്റെ ആനന്ദം (Evangelii Gaudium) എന്ന പ്രബോധനത്തിലെ 244 മുതൽ 246 വരെയുള്ള ഖണ്ഡികകളിലാണ്. ആഗോള സമാധാനത്തിനും സുസ്ഥിതിക്കും പ്രാധാന്യം നൽകുന്ന പാപ്പ സഭൈക്യത്തിനുള്ള ആദ്യപടിയായി നിർദ്ദേശിക്കുന്നത് വ്യത്യസ്ഥതകളിൽ അസ്വസ്ഥരാകാതെ പൊതുവായിട്ട് സ്വീകരിക്കാവുന്നതിൽ ഉറച്ചു നിന്ന് ഐക്യത്തിനായ് ശ്രമിക്കാനാണ്. ക്രൈസ്തവർക്കിടയിലെ അനൈക്യവും വിഭജനവും എതിർ സാക്ഷ്യത്തിന് കാരണമാകുമെന്നും മിഷൻ പ്രവർത്തനങ്ങളെ തകർക്കുമെന്നും പാപ്പ പഠിപ്പിക്കുന്നു. പ്രായോഗികതയിലൂന്നി പറയുകയും പ്രവൃത്തിക്കുകയും ചെയ്യുന്ന പാപ്പ കൂട്ടി യോജിപ്പിക്കാവുന്ന മേഖലകളിൽ ഏറ്റവും പെട്ടെന്ന് ഐക്യത്തോടെ മുന്നോട്ട് പോകാൻ ആഗ്രഹിക്കുന്നു. ഇതിനായ് ഹൃദയം തുറന്ന സംഭാഷണത്തിന് (Dialogue) ന് കരുണയോടും കരുതലോടും തയ്യാറാകണമെന്ന് അദ്ദേഹം പ്രബോധിപ്പിക്കുന്നു.

ഉപസംഹാരം

ഫ്രാൻസീസ് പാപ്പയുടെ സഭൈക്യ ദർശനങ്ങളെ ഉപസംഹരിച്ചു കൊണ്ട് നമുക്ക് പറയാം.

1) പാപ്പായുടെ വീക്ഷണത്തിൽ സഭൈക്യത്തിനുള്ള പ്രഥമ മാർഗ്ഗമെന്നത് അപരനിൽ ക്രിസ്തുവിനെ കാണാൻ കഴിയുക എന്നതാണ്.

2) പ്രകൃതിയുടെ സുസ്ഥിരതയും സംരക്ഷണവും വഴി ഭൂമിയിൽ വസിക്കുന്നവരുടെ ഐക്യം സുസാദ്ധ്യമാക്കുന്നത് സഭൈക്യത്തിനുള്ള വഴികാട്ടിയാണ്.

3) പരസ്പരം ധീരതയോടെ എളിമയിൽ വർത്തിച്ചാലേ സഭകളുടെ ഐക്യം യാഥാർത്ഥ്യവൽക്കരിക്കൂ.

4) ഇതിന് സഹഗമനവും കണ്ടുമുട്ടലുകളും പരസ്പര സംഭാഷണവും പങ്കുവക്കലും അത്യന്താപേക്ഷിതമാണ്.

ചുരുക്കത്തിൽ ബന്ധങ്ങൾ ഊഷ്മളമാക്കാൻ പരസ്പരം ക്ഷമിക്കാനും അനുരഞ്ജിതരാകാനും അതുവഴി ഐക്യം നേടാനും പാപ്പ നമ്മെ പഠിപ്പിക്കുന്നു.

വീഡിയോ ക്യൂ ആർ കോഡ്




# പ്രത്യാശയുടെ ആദ്യബലം പ്രാർത്ഥനയാണ്

***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം - 3

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

സൃഷ്ടിയുടെ ദിവ്യനിഗൂഢരഹസ്യത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ട്, പ്രാർത്ഥനയെക്കുറിച്ചുള്ള പ്രബോധനംനമുക്ക തുടരാം. ജീവന്, നാം നിലനില്ക്കുന്നു എന്ന ലളിതമായ വസ്തുത, മനുഷ്യരാശിയുടെ ഹൃദയത്തെ പ്രാർത്ഥനയിലേക്ക് തുറക്കുന്നു.

വിശുദ്ധഗ്രന്ഥത്തിന്റെ ആദ്യത്തെ പേജ് കൃതജ്ഞതാസ്തോത്രത്തിന്റെ ഒരു വലിയ സ്തുതിഗീതത്തിന് സദൃശമാണ്. സൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തിന് പല്ലവികളുടെ ഒരു താളമുണ്ട്. ജീവിക്കുന്ന ഓരോ വസ്തുവിന്റെയും നന്മയും സൗന്ദര്യവും അവിടെ തുടർച്ചയായി ഊന്നിപ്പറയപ്പെടുന്നു. തന്റെ വചനത്താൽ ദൈവം ജീവന് നല്കുന്നു; സകലതിനും അസ്തിത്വം ലഭിക്കുന്നു. തന്റെ വാക്കുകൊണ്ട് ദൈവം ജീവനെ ഇരുട്ടിൽ നിന്ന് വേർതിരിക്കുന്നു; ദിനരാത്രങ്ങൾ മാറിവരാൻ ഇടയാക്കുന്നു. ഋതുക്കളെ വേർതിരിക്കുന്നു. വൈവിധ്യമാർന്ന സസ്യങ്ങളും മൃഗങ്ങളുംകൊണ്ട് വർണ്ണങ്ങളുടെ പാലറ്റ്, ചായം കൂട്ടാനുള്ള പലക ഒരുക്കുന്നു. ഈ അവ്യവസ്ഥിതാവസ്ഥയെ പൊടുന്നനെ നശിപ്പിക്കുന്ന കവിഞ്ഞൊഴുകുന്ന ഈ വനത്തിൽ അവസാനം പ്രത്യക്ഷപ്പെടുന്നത് മനുഷ്യനാണ്. അവിടുത്തെ ആനന്ദവും സംതൃപ്തിയും വർദ്ധിപ്പിക്കുന്ന തീക്ഷ്ണമായ ഒരു ആഹ്ലാദത്തിമിർപ്പിനെ പ്രചോദിപ്പിക്കുന്നതാണ് ഈ പ്രത്യക്ഷപ്പെടൽ: "താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു" (ഉല്പ 1:31). വളരെ നല്ലത്, എന്നാൽ സുന്ദരവും: സകല സൃഷ്ടിയുടെയും സൗന്ദര്യം കാണാൻ കഴിയും!


സൃഷ്ടിയുടെ ദിവ്യരഹസ്യവും സൗന്ദര്യവും മനുഷ്യഹൃദയത്തിൽ ,പ്രാർത്ഥന ഉളവാക്കുന്ന ആദ്യപ്രതികരണം സൃഷ്ടിക്കുന്നു (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 2566). നേരത്തെ നാം ശ്രവിച്ച 8ാം സങ്കീർത്തനം, ഇങ്ങനെ പറയുന്നു: "അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനി

ടത്തെയും, അവിടുന്നു സ്ഥാപിച്ച ചന്ദ്രതാരങ്ങളെയും ഞാൻ കാണുന്നു. അവിടുത്തെ ചിന്തയിൽ വരാന്മാത്രം മർത്യന് എന്തു മേന്മയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാന് മനുഷ്യപുത്രന് എന്ത് അര്ഹതയാണുള്ളത്?" (വാക്യങ്ങൾ 34).പ്രാര്ത്ഥിക്കുന്ന ഒരുവന് തനിക്കു ചുറ്റുമുള്ള ജീവന്റെ ദിവ്യ രഹസ്യത്തെക്കുറിച്ചു ധ്യാനിക്കുന്നു. തനിക്കു മുകളില് നില്ക്കുന്ന നക്ഷത്രാങ്കിതമായ ആകാശം അവന് കാണുന്നു. അസ്ട്രോഫിസിക്സ് ഇന്ന് അതിന്റെ എല്ലാ അപാരതയോടും കൂടി കാണിക്കുന്നു. അത്തരം അപാരമായ ഒരു പ്രവൃത്തിക്കുപിന്നില്, സ്നേഹപൂർണ്ണമായ എന്തു പദ്ധതി ആയിരുന്നിരിക്കണം എന്ന് അവൻ സ്വയം ചോദിക്കുന്നു! അതിരറ്റ ഈ പ്രപഞ്ച വിസ്തൃതിയിൽ എന്താണ് മനുഷ്യന്? മറ്റൊരു സങ്കീർത്തനം പറയുന്നു: "മിക്കവാറും ശൂന്യം" (സങ്കീ. 89:48): ജനിക്കുന്ന, മരിക്കുന്ന ഒരു ജീവി. അതീവ ദുർബലമായ ഒരു ജീവി. എങ്കിലും, മുഴുവൻ പ്രപഞ്ചത്തിലും, സൗന്ദര്യത്തിന്റെ സമൃദ്ധിയെക്കുറിച്ച് ബോധമുള്ള ഏക ജീവി മനുഷ്യനാണ്. ജനിക്കുകയും മരിക്കുകയും ചെയ്യുന്ന ഒരു ചെറുജീവി. അവന് ഇന്ന് ഇവിടെയുണ്ട്. നാളെ പോയിരിക്കും. ഈ സൗന്ദര്യത്തെക്കുറിച്ചു ബോധവാനായിട്ടുള്ളത് അവൻ ഒരുവന് മാത്രം. ഈ സൗന്ദര്യത്തെക്കുറിച്ച് നമുക്ക് അവബോധമുണ്ട്.

അതിശയം എന്ന വികാരവുമായി ബന്ധപ്പെട്ടതാണ് മനുഷ്യരാശിയുടെ പ്രാർത്ഥന. മനുഷ്യന്റെ മഹത്ത്വം,പ്രപഞ്ച മാനങ്ങളുമായി തുലനം ചെയ്യുമ്പോൾ അണുവോളം ചെറുതാണ്. അവന്റെ ഏറ്റവും മഹത്തായ കീഴടക്കൽ പോലും , വളരെ ചെറുതായിതോന്നും. എങ്കിലും, മനുഷ്യന് ഒന്നുമില്ലായ്മയല്ല. പ്രാർത്ഥനയിൽ , കാരുണ്യത്തിന്റെ ഒരു വികാരം ശക്തമായി സ്ഥിരീകരിക്കപ്പെടുന്നു. ഒന്നും ആകസ്മികമായി നിലനില്ക്കുന്നില്ല: പ്രപഞ്ചരഹസ്യം കുടികൊള്ളുന്നത് നമ്മുടെ കണ്ണുകളിൽ ഒരുവന് കണ്ടുമുട്ടുന്ന അനുഗ്രഹപ്രദമായ ദൃഷ്ടിയിലാണ്. നാം സൃഷ്ടിക്കപ്പെട്ടത് ദൈവത്തേക്കാൾ അല്പം ചെറുതായിട്ടാണ് എന്ന് സങ്കീർത്തനം പറയുന്നു. ബഹുമതിയുടെയും മഹത്ത്വത്തിന്റെയും കിരീടം നമ്മെ അണിയിച്ചിരിക്കുന്നു (സങ്കീ. 8:6). ദൈവവുമായുള്ള ബന്ധമാണ് മനുഷ്യന്റെ മഹത്ത്വം; അവന്റെ സ്ഥാനാരോഹണം. പ്രകൃത്യാ നാം ഒന്നുമല്ല. ചെറിയവരാണ്. എന്നാല് വിളിയനുസരിച്ച്, ദൈവവിളി പ്രകാരം, മഹാനായ രാജാവിന്റെ മക്കളാണ് നാം.

നമ്മില് മിക്കവർക്കും ഉള്ള ഒരു അനുഭവമാണത്. ജീവിത സംഭവങ്ങൾ , അവയുടെ എല്ലാ പാരുഷ്യത്തോടും കൂടി, നമ്മുടെ ഉള്ളിലെ പ്രാർത്ഥന എന്ന വരദാനത്തെ കഴുത്തുഞെരിക്കുന്നുവെങ്കിൽ , നക്ഷത്രം നിറഞ്ഞ ആകാശത്തെ, ഒരു അസ്തമയത്തെ, ഒരു പുഷ്പത്തെ ധ്യാനിച്ചാൽ മതി്ച്ചുകൃതജ്ഞതാപ്രകാശനത്തിന്റെ അഗ്നിസ്ഫുലിംഗം ഉണര്ത്തുവാൻ. ഒരുപക്ഷേ ഈ അനുഭവമാണ്, വിശുദ്ധ ഗ്രന്ഥത്തിന്റെ ഒന്നാം പേജിന് അടിസ്ഥാനം.

സൃഷ്ടിയുടെ മഹത്തായ വിശുദ്ധഗ്രന്ഥ വിവരണം എഴുതപ്പെട്ടപ്പോൾ, ഇസ്രായേൽ ജനം ആനന്ദത്തിന്റെ ദിവസങ്ങളായിരുന്നില്ല അനുഭവിച്ചിരു ന്നത്. ഒരു ശത്രുശക്തി അവരുടെ ദേശം കീഴടക്കിയിരുന്നു; അനേകം പേരെ നാടുകടത്തി. ഇപ്പോൾ അവർ മെസൊപ്പൊട്ടേമിയയുടെ അടിമകളായി. സ്വദേശമോ, ദൈവാലയമോ, സാമൂഹികമോ മതപരമോ ആയ ജീവിതമോ ഒന്നുംതന്നെ ഇല്ലായിരുന്നു. എങ്കിലും, കൃത്യമായി, സൃഷ്ടിയുടെ മഹത്തായ വിവരണം മുതൽ , കൃതജ്ഞതാപ്രകാശനത്തിന്റെ ഒരുവന് കാരണം കണ്ടെത്തി; അവന്റെ/അവളുടെ അസ്തിത്വത്തിന് ദൈവത്തെ സ്തുതിക്കുവാന്. പ്രത്യാശയുടെ ആദ്യത്തെ ബലമാണ് പ്രാര്ത്ഥന.നിങ്ങള് പ്രാർത്ഥിക്കുക, പ്രത്യാശയും വളരും. അത് മുമ്പോട്ടു നീങ്ങുന്നു. ഞാൻ പറയും, പ്രാർത്ഥന, പ്രത്യാശയിലേക്കുള്ള വാതിൽ തുറക്കുന്നു എന്ന്. പ്രത്യാശയുണ്ട്. പക്ഷേ, അതിന്റെ വാതിൽ ഞാൻ തുറക്കുന്നത് പ്രാർത്ഥനകൊണ്ടാണ്. എന്തെന്നാൽ , പ്രാർത്ഥനയുള്ള മനുഷ്യർ , അടിസ്ഥാനസത്യങ്ങളെ സംരക്ഷിക്കുന്നു. ഈ ജീവിതം, അതിന്റെ സകല കഷ്ടതകളും പരീക്ഷണങ്ങളും ഉണ്ടെങ്കിലും, അതിന്റെ വിഷമദിനങ്ങൾ ഉണ്ടെങ്കിലും, അതിശയിപ്പിക്കുന്ന കൃപ നിറ ഞ്ഞതാണ് എന്ന് പ്രഥമവും പ്രധാനവുമായി തങ്ങളോട്ടുതന്നെയും, പിന്നെ മറ്റുള്ളവരോടും ആവർത്തിക്കുന്നത് അവരാണ്. അതിനാൽ കഴിയുന്നത്ര അതിനെ



സംരക്ഷിക്കുകയും പ്രതിരോധിക്കുകയും ചെയ്യണം.

പ്രാർത്ഥിക്കുന്ന മനുഷ്യർക്ക് നിരുത്സാഹപ്പെടലിനേക്കാൾ ശക്തമാണ് പ്രത്യാശ എന്നറിയാം. മരണത്തേക്കാൾ ഏറെ ശക്തമാണ് സ്നേഹം എന്ന് അവർ വിശ്വസിക്കുന്നു. അത് ഒരുദിവസം തീർച്ചയായും വിജയിക്കും, നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്ത സമയങ്ങളിൽ , അത്തരം രീതികളിൽ ആണെങ്കിൽക്കൂടി. പ്രാർത്ഥിക്കുന്ന മനുഷ്യരുടെ മുഖങ്ങളിൽ പ്രകാശത്തിന്റെ തിളങ്ങുന്ന പ്രതിഫലനങ്ങൾ കാണാം: എന്തെന്നാല്, സൂര്യന് അവരെ പ്രകാശപൂരിതരാക്കുന്നത് അവസാനിപ്പിക്കുന്നില്ല; ഏറ്റവും ഇരുണ്ട ദിനങ്ങളിപ്പോലും. പ്രാർത്ഥന നിങ്ങളെ പ്രബുദ്ധരാക്കുന്നു: അത് ആത്മാവിനെ പ്രകാശപൂരിതമാക്കുന്നു. അത് ഹൃദയത്തെ പ്രകാശമാനമാക്കുന്നു; അത് മുഖത്തെ പ്രശോഭിപ്പിക്കുന്നു. ഏറ്റവും ഇരുണ്ട ദിനങ്ങളിലും, ഏറ്റവും വലിയ ദുരിതങ്ങളുടെ സമയങ്ങളിലും. നാം ആനന്ദത്തിന്റെ വാഹകരാണ്.നിങ്ങൾ ഇത് പരിഗണിച്ചിട്ടുണ്ടോ? നിങ്ങൾ ആനന്ദത്തിന്റെ വാഹകരാണ് എന്നത്? അതോ, ദുഃഖവാർത്ത സങ്കടപ്പെടുത്തുന്ന വാർത്ത കൊണ്ടുവരാനാണോ നിങ്ങൾ താത്പര്യപ്പെടുന്നത്? സന്തുഷ്ടി വഹിക്കാൻ കഴിവുള്ളവരാണ് നാം. ദൈവം നമുക്ക നല്കിയ വരദാനമാണ് ഈ ജീവിതം. സങ്കടങ്ങളിൽ വിദ്വേഷത്തിൽ മുഴുകിക്കഴിക്കാൻ അത് വളരെ ഹ്രസ്വമാണ്. കേവലം അസ്തിത്വത്തിൽ സന്തുഷ്ടരായി നമുക്ക് ദൈവത്തെ സ്തുതിക്കാം.നമുക്ക് പ്രപഞ്ചത്തെ നോക്കാം; സൗന്ദര്യത്തെ നോക്കാം. അതുപോലെ തന്നെ നമ്മുടെ കുരിശുകളിലേക്കും നോക്കി ഇങ്ങനെ പറയാം: "അങ്ങ് നിലനില്ക്കുന്നു. ഞങ്ങളെ ഇതുപോലെ സൃഷ്ടിച്ചു, അങ്ങേയ്ക്കുവേണ്ടി. നന്ദിപ്രകാശനത്തിലേക്കും, ദൈവത്തെ സ്തുതിക്ക ന്നതിലേക്കും നയിക്കുന്ന ഹൃദയത്തിന്റെ അസ്വസ്ഥത അനുഭവിക്കേണ്ടത് ആവശ്യമാണ്. മഹനീയ രാജാവായ, സ്രഷ്ടാവിന്റെ മക്കളാണ് നാം. സകലസൃഷ്ടികളിലും അവിടുത്തെ കയ്യൊപ്പ് വായിക്കാൻ കഴിവുള്ളവർ. ഇന്ന് ആ സൃഷ്ടിയെ സംരക്ഷിക്കുന്നില്ല. സ്നേഹം നിമിത്തം ഇവയെല്ലാം സൃഷ്ടിച്ച ദൈവത്തിന്റെ കയ്യൊപ്പ് ആ സൃഷ്ടികൾ വഹിക്കുന്നു. എന്നത്തേക്കാൾ ആഴത്തിൽ കർത്താവ് ഇത് നമ്മെ മനസ്സിലാക്കിത്തരട്ടെ. "അങ്ങേയ്ക്കു നന്ദി!" എന്നു പറയുന്നതിലേക്ക് അവിടുന്ന് നമ്മെ നയിക്കട്ടെ. ആ "അങ്ങേയ്ക്ക്നന്ദി" മനോഹരമായ ഒരു പ്രാർത്ഥനയാണ്.

വീഡിയോ ക്യൂ ആർ കോഡ്





# മക്കൾക്ക് വേണ്ടി വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കൾ ഹീറോകൾ തന്നെ: പാപ്പ

ഇന്നത്തെ പിതാക്കന്മാരുടെ ശക്തിയുടെയും ആർദ്രതയുടെയും ഉദാഹരണമായി വിശുദ്ധ ജോസഫിനെ വിശേഷിപ്പിച്ചുകൊണ്ട്, കൊവിഡ്-19 മഹാമാരിയുടെ കാലത്ത് മാതാപിതാക്കളായിരിക്കുന്നതിനെക്കുറിച്ചും വിശുദ്ധന്റെ സാക്ഷ്യത്തെക്കുറിച്ചും ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ മാധ്യമത്തിന് ഒരു അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ:

വിശുദ്ധ ജോസഫ് അങ്ങയെ സംബന്ധിച്ച് എന്താണ് അർത്ഥമാക്കുന്നത്?

വിശുദ്ധ ജോസഫിനോട് എനിക്കുണ്ടായ അടുപ്പം ഞാൻ ഒരിക്കലും മറച്ചുവെച്ചിട്ടില്ല. അത് എന്റെ ബാല്യത്തിൽ നിന്ന്, എന്റെ രൂപീകരണത്തിൽ നിന്നാണ് വരുന്നതെന്ന് ഞാൻ കരുതുന്നു. വിശുദ്ധ യൗസേപ്പിതാവിനോട് ഞാൻ എപ്പോഴും ഒരു പ്രത്യേക ഭക്തി വളർത്തിയെടുത്തിട്ടുണ്ട്, കാരണം വിശുദ്ധന്റെ വ്യക്തിത്വം ക്രിസ്തീയ വിശ്വാസം നമുക്കോരോരുത്തർക്കും എന്തായിരിക്കണമെന്ന് മനോഹരവും ലളിതവുമായ രീതിയിൽ പ്രതിനിധീകരിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

വചനമാംസത്തിന് ജന്മം നൽകിയത് മറിയമാണെങ്കിൽ, അവനെ സംരക്ഷിച്ചതും സംരക്ഷിച്ചതും വളർത്തിയതും വളർത്തിയതും യോസേഫാണ്. വിശുദ്ധ ജോസഫിൽ രണ്ട് സ്വഭാവസവിശേഷതകൾ ചേർന്നിരിക്കുന്നു. ഒരു വശത്ത്, വിശുദ്ധ നെ അടയാളപ്പെടുത്തുന്ന ആത്മീയത, സ്വപ്നങ്ങളുടെ കഥകളിലൂടെ സുവിശേഷത്തിൽ അത് വിവർത്തനം ചെയ്യപ്പെടുന്നു; ദൈവം തന്റെ ഹൃദയത്തോട് സംസാരിക്കുന്നത് എങ്ങനെ കേൾക്കാമെന്ന് അറിയാനുള്ള ജോസഫിന്റെ കഴിവിന് ഈ വിവരണങ്ങൾ സാക്ഷ്യം വഹിക്കുന്നു.

ചോദ്യം: വലിയ പരീക്ഷണങ്ങളുടെ ഈ കാലത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ ശ്രദ്ധയിൽപ്പെടുന്നതിന് പ്രത്യേക അർത്ഥമുണ്ടോ?

നമ്മൾ ജീവിക്കുന്ന സമയം കൊറോണ വൈറസ് പാൻഡെമിക് അടയാളപ്പെടുത്തുന്ന ഒരു പ്രയാസകരമായ സമയമാണ്. നിരവധി ആളുകൾ കഷ്ടപ്പെടുന്നു, നിരവധി കുടുംബങ്ങൾ

ബുദ്ധിമുട്ടുകൾ നേരിടുന്നു, പലരും മരണത്തിന്റെ, അനിശ്ചിത ഭാവിയുടെ ഉത്കണ്ഠയാൽ വേട്ടയാടപ്പെടുന്നു. വളരെ പ്രയാസകരമായ ഈ സമയത്ത്, ഈ ഇരുണ്ട നിമിഷങ്ങളെ എങ്ങനെ അഭിമുഖീകരിക്കണമെന്ന് അറിയാനുള്ള ശരിയായ മാർഗം ഏതെന്ന് മനസിലാക്കാൻ, ഞങ്ങളെ പ്രോത്സാഹിപ്പിക്കാനും സഹായിക്കാനും പ്രചോദിപ്പിക്കാനും കഴിയുന്ന ഒരാളെ ആവശ്യമാണെന്ന് എനിക്ക് തോന്നി. അന്ധകാര കാലത്ത് ജോസേഫ് ഒരു ഉജ്ജ്വല സാക്ഷിയാണ്. അതുകൊണ്ടാണ് ഈ സമയത്ത് അദ്ദേഹത്തിന് ഇടം നൽകുന്നത് ശരിയായത്, നമ്മുടെ വഴി വീണ്ടും കണ്ടെത്തുന്നതിന്.

ചോദ്യം: വിശുദ്ധ ജോസഫുമായുള്ള സംഭാഷണത്തിൽ നിന്ന് ഇന്നത്തെ കുട്ടികൾക്ക്, നാളത്തെ പിതാക്കന്മാർക്ക് എന്ത് ലഭിക്കും?

ഒരാൾ പിതാവായി ജനിച്ചിട്ടില്ല, പക്ഷേ നാമെല്ലാവരും തീർച്ചയായും കുട്ടികളായി ജനിക്കുന്നു. നമ്മൾ ആദ്യം പരിഗണിക്കേണ്ട കാര്യം ഇതാണ്: അതായത്, ജീവിതം നമുക്കുവേണ്ടി കരുതിവച്ചിരിക്കുന്ന എല്ലാറ്റിനെയും മാറ്റിനിർത്തിയാൽ, നമ്മൾ ഓരോരുത്തരും, ഒന്നാമതായി, ഒരു മകനോ മകളോ ആണ്, യേശുവുമായി ജോസഫിന് ഉണ്ടായിരുന്ന പിതൃത്വ ബന്ധം അദ്ദേഹത്തിന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചുവെന്ന് എനിക്ക് ബോധ്യമുണ്ട്, യേശുവിന്റെ ഭാവി പ്രസംഗങ്ങൾ പിതൃബിംബങ്ങളിൽ നിന്ന് കൃത്യമായി എടുത്ത ചിത്രങ്ങളും അവലംബങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു.

സഭയെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഞങ്ങൾ അവളെ ഒരു അമ്മയായി കരുതുന്നു, ഇത് തീർച്ചയായും തെറ്റല്ല. ഈ വർഷങ്ങളിൽ, ഈ കാഴ്ചപ്പാട് ഉയർത്തിക്കാട്ടാൻ ഞാനും വളരെയധികം ശ്രമിച്ചിട്ടുണ്ട്, കാരണം ഇത് കരുണയായ സഭയുടെ മാതൃത്വം പ്രയോഗിക്കാനുള്ള ഒരു മാർഗമാണ്, അതായത്, ജീവിതത്തെ സൃഷ്ടിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന സ്നേഹം. ക്ഷമയും അനുരഞ്ജനവും നമ്മളെ വീണ്ടും കാലിൽ നിർത്താനുള്ള ഒരു മാർഗമല്ലേ? മറ്റൊരു അവസരം ലഭിക്കുന്നതിനാൽ നമുക്ക് പുതുതായി ജീവിതം ലഭിക്കുന്ന ഒരു മാർഗമല്ലേ ഇത്? കരുണയിലൂടെയല്ലെങ്കിൽ യേശുക്രിസ്തുവിന്റെ ഒരു സഭയും ഉണ്ടാകില്ല! എന്നിരുന്നാലും, സഭ മാതൃപരം മാത്രമല്ല, പിതൃപരവും ആയിരിക്കണമെന്ന് പറയാനുള്ള ധൈര്യം നമുക്കുണ്ടാകണമെന്ന് ഞാൻ കരുതുന്നു. പിതൃത്വപരമായ ശുശ്രൂഷയല്ല, പിതൃത്വം പ്രയോഗിക്കാനാണ് അവളെ വിളിക്കുന്നത്. ഈ പിതൃത്വ വശം സഭ വീണ്ടും കണ്ടെത്തേണ്ടതുണ്ടെന്ന് ഞാൻ പറയുമ്പോൾ,കുട്ടികളെ അവരുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിനും അവരുടെ സ്വാതന്ത്ര്യം വിനിയോഗിക്കുന്നതിനും തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനുമുള്ള അവസ്ഥയിൽ എത്തിക്കുന്നതിൽ പൂർണ്ണമായും പിതൃസഹജമായ കഴിവിനെയാണ് ഞാൻ കൃത്യമായി പരാമർശിക്കുന്നത്. ഒരു വശത്ത്, കരുണ നമ്മെ സുഖപ്പെടുത്തുന്നു, നമ്മെ സുഖപ്പെടുത്തുന്നു, നമ്മെ ആശ്വസിപ്പിക്കുന്നു, പ്രോത്സാഹിപ്പിക്കുന്നുവെങ്കിൽ; മറുവശത്ത്, ദൈവസ്നേഹം ക്ഷമിക്കുന്നതിനും രോഗശാന്തി നൽകുന്നതിനും മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല, മറിച്ച്, തീരുമാനങ്ങളെടുക്കാനും കടലിൽ പോകാനും ദൈവസ്നേഹം നമ്മെ പ്രേരിപ്പിക്കുന്നു.

അതെ, ചരിത്രത്തിലെ ഈ സമയം ജീവിതത്തിൽ വലിയ തീരുമാനങ്ങളെടുക്കാൻ കഴിയാതെ വന്ന കാലഘട്ടമാണ്. നമ്മുടെ ചെറുപ്പക്കാർ പലപ്പോഴും തീരുമാനിക്കാനും തിരഞ്ഞെടുക്കാനും റിസ്ക് എടുക്കാനും ഭയപ്പെടുന്നു. അവൾ അതെ അല്ലെങ്കിൽ ഇല്ല എന്ന് പറയുമ്പോൾ മാത്രമല്ല, എല്ലാറ്റിനുമുപരിയായി അവൾ പ്രോത്സാഹിപ്പിക്കുകയും വലിയ തിരഞ്ഞെടുപ്പുകൾ സാധ്യമാക്കുകയും ചെയ്യുമ്പോൾ ഒരു സഭ അങ്ങനെയാണ്. ഓരോ തിരഞ്ഞെടുപ്പിനും എല്ലായ്പ്പോഴും ചില അനന്തരഫലങ്ങളും ചില അപകടസാധ്യതകളും ഉണ്ടാകും, എന്നാൽ ചിലപ്പോൾ അനന്തരഫലങ്ങളെയും അപകടസാധ്യതകളെയും കുറിച്ചുള്ള ഭയം കാരണം, ഞങ്ങൾ തളർന്നുപോകുന്നു, ഞങ്ങൾക്ക് ഒന്നും ചെയ്യാനോ തിരഞ്ഞെടുക്കാനോ കഴിയില്ല. ഒരു യഥാർത്ഥ പിതാവ് നിങ്ങളോട് പറയുന്നത് എല്ലായ്പ്പോഴും എല്ലാം ശരിയായി നടക്കുമെന്ന് നിങ്ങളോട്



പറയില്ല, മറിച്ച് കാര്യങ്ങൾ ശരിയായി നടക്കാത്ത ഒരു സാഹചര്യത്തിൽ നിങ്ങൾ സ്വയം കണ്ടെത്തിയാലും, ആ നിമിഷങ്ങളും ആ പരാജയങ്ങളും പോലും നിങ്ങൾക്ക് മാന്യമായി നേരിടാനും ജീവിക്കാനും കഴിയും. . പക്വതയുള്ള ഒരു വ്യക്തിയെ തിരിച്ചറിയാൻ കഴിയുന്നത് അവരുടെ വിജയങ്ങൾ കൊണ്ടല്ല, മറിച്ച് പരാജയം എങ്ങനെ അനുഭവിക്കണമെന്ന് അവർക്കറിയുന്ന രീതിയിലാണ്.വീഴ്ചയുടെയും ബലഹീനതയുടെയും അനുഭവത്തിലാണ് ഒരു വ്യക്തിയുടെ സ്വഭാവം തിരിച്ചറിയാൻ കഴിയുന്നത്.

ചോദ്യം: ആത്മീയ പിതൃത്വം വളരെ പ്രധാനമാണ്. പുരോഹിതന്മാർ എങ്ങനെ പിതാക്കന്മാരാകും?

പിതൃത്വം നിസ്സാരമായി കാണേണ്ടതില്ല. ക്രിസ്തീയ വിശ്വാസം എന്നത് പുസ്തകങ്ങളിൽ നിന്നോ ലളിതമായ ന്യായവാദങ്ങളിലൂടെയോ പഠിക്കാവുന്ന ഒന്നല്ല. പകരം, അത് നമ്മുടെ ബന്ധങ്ങളിലൂടെ കടന്നുപോകുന്ന ഒരു അസ്തിത്വപരമായ ഭാഗമാണ്. നമ്മുടെ വിശ്വാസാനുഭവം എപ്പോഴും ആരുടെയെങ്കിലും സാക്ഷിയിൽ നിന്നാണ് ഉണ്ടാകുന്നത്. അവൻ തന്റെ കുട്ടിയെ സ്വയം ആകാൻ സഹായിക്കുന്നു, അവന്റെ സ്വാതന്ത്ര്യം സാധ്യമാക്കുന്നു, വലിയ തീരുമാനങ്ങളിലേക്ക് അവനെ പ്രേരിപ്പിക്കുന്നു, ഭരമേൽപ്പിക്കപ്പെട്ട ആളുകളുടെ മനസ്സാക്ഷിക്ക് പകരം നിൽക്കുമ്പോൾ ഒരു ആത്മീയ പിതാവ് അങ്ങനെയല്ല. അവനോട്, ഈ ആളുകൾ അവരുടെ ഹൃദയത്തിൽ വഹിക്കുന്ന ചോദ്യങ്ങൾക്ക് അവൻ ഉത്തരം നൽകുമ്പോഴല്ല, അവനെ ഭരമേല്പിച്ചവരുടെ ജീവിതത്തിൽ അവൻ ആധിപത്യം സ്ഥാപിക്കുമ്പോഴല്ല, മറിച്ച് വിവേകത്തോടെയും അതേ സമയം ഉറച്ച മാർഗത്തിലൂടെയും ആയിരിക്കുമ്പോൾ, അയാൾക്ക് വഴി കാണിക്കാൻ കഴിയും. , വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകുക, വിവേചനത്തെ സഹായിക്കുക.അത്ര നല്ലതല്ലാത്ത അവയിലൂടെ കടന്നുപോകാൻ കഴിയുന്നവയെ എങ്ങനെ വേർതിരിച്ചറിയാമെന്ന് അറിയാനുള്ള ഈ നിർണായക ശേഷി ഞങ്ങൾ നിലനിർത്തുന്നുണ്ടോ. ആത്മീയ ജീവിതം മനുഷ്യ ജീവിതത്തിൽ നിന്ന് വ്യത്യസ്തമല്ല. മാനുഷികമായി പറഞ്ഞാൽ, ഒരു നല്ല പിതാവ് അങ്ങനെയാണെങ്കിൽ, അവൻ തന്റെ കുട്ടിയെ സ്വയം ആകാൻ സഹായിക്കുന്നു, അവന്റെ സ്വാതന്ത്ര്യം സാധ്യമാക്കുന്നു, വലിയ തീരുമാനങ്ങളിലേക്ക് അവനെ പ്രേരിപ്പിക്കുന്നു.

ചോദ്യം: പിതൃത്വത്തിന്റെ ഈ ആത്മീയ മാനം ശക്തിപ്പെടുത്തുന്നതിന് ഇന്ന് ഏറ്റവും



അടിയന്തിരമായി എന്താണ് വേണ്ടത്?

ആത്മീയ പിതൃത്വം പലപ്പോഴും അനുഭവത്തിൽ നിന്ന് ഉണ്ടാകുന്ന ഒരു സമ്മാനമാണ്. ഒരു ആത്മീയ പിതാവിന് തന്റെ സൈദ്ധാന്തിക കഴിവുകൾ മാത്രമല്ല, എല്ലാറ്റിനുമുപരിയായി അവന്റെ വ്യക്തിപരമായ അനുഭവവും പങ്കിടാൻ കഴിയും. ഈ രീതിയിൽ മാത്രമേ അവൻ ഒരു കുട്ടിക്ക് ഉപയോഗപ്രദമാകൂ. ചരിത്രത്തിലെ ഈ നിമിഷത്തിൽ, ആത്മീയ പിതൃത്വം എന്ന് നമുക്ക് നിർവചിക്കാവുന്ന അർത്ഥവത്തായ ബന്ധങ്ങളുടെ വലിയ അടിയന്തിരതയുണ്ട്, എന്നാൽ, ആത്മീയ മാതൃത്വത്തെക്കുറിച്ചും പറയാൻ എന്നെ അനുവദിക്കൂ, കാരണം അനുഗമിക്കാനുള്ള ഈ പങ്ക് പുരുഷാവകാശമോ പുരോഹിതരുടെ മാത്രം അവകാശമോ അല്ല.

ചോദ്യം: കോവിഡിന്റെ ദാരുണമായ അനന്തരഫലങ്ങൾക്കിടയിൽ, നിരവധി പിതാക്കന്മാരുടെ ജോലി നഷ്ടവും ഉണ്ട്. ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ പിതാക്കന്മാരോട് പാപ്പയ്ക്ക് എന്താണ് പറയാനുള്ളത്?

പകർച്ചവ്യാധി മൂലം എല്ലാറ്റിനുമുപരിയായി വഷളായ പ്രത്യേക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ആ അച്ഛന്റെയും അമ്മമാരുടെയും ആ കുടുംബങ്ങളുടെ കഷ്ടപ്പാടുകളോട് എനിക്ക് വളരെ ഹൃദയൈക്യം തോന്നുന്നു. മറ്റുള്ളവരുടെ ജീവിതത്തിന്റെ ഉത്തരവാദിത്തം അനുഭവിക്കുന്ന ഒരാളുടെ മക്കൾക്ക് ഭക്ഷണം നൽകാൻ കഴിയാത്തത് നേരിടാൻ എളുപ്പമല്ലാത്ത കഷ്ടപ്പാടാണെന്ന് ഞാൻ കരുതുന്നു. ഇക്കാര്യത്തിൽ, എന്റെ പ്രാർത്ഥനകളും എന്റെ സാമീപ്യവും മാത്രമല്ല സഭയുടെ എല്ലാ പിന്തുണയും ഈ ആളുകൾക്ക്, ഈ ഏറ്റവും ചെറിയ ആളുകൾക്ക് വേണ്ടിയാണ്. എന്നാൽ, യൂറോപ്പിലെയും മറ്റിടങ്ങളിലെയും അതിർത്തികളിൽ തിരസ്കരിക്കപ്പെട്ട, കഷ്ടപ്പാടുകളുടെയും അനീതിയുടെയും സാഹചര്യങ്ങൾ അനുഭവിക്കുന്ന, ആരും ഗൗരവമായി എടുക്കാത്തതോ മനസ്സോടെ അവഗണിക്കുന്നതോ ആയ അനേകം പിതാക്കന്മാരെയും അനേകം അമ്മമാരെയും യുദ്ധത്തിൽ നിന്ന് പലായനം ചെയ്യുന്ന നിരവധി കുടുംബങ്ങളെയും കുറിച്ച് ഞാൻ ചിന്തിക്കുന്നു. ഈ അച്ഛന്മാരോട്, ഈ അമ്മമാരോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു, കാരണം അവർ എന്നെ സംബന്ധിച്ചിടത്തോളം ഹീറോകളാണ്, കാരണം മക്കളോടുള്ള സ്നേഹത്തിനായി ജീവൻ പണയപ്പെടുത്തുന്നവരുടെ ധൈര്യം ഞാൻ അവരിൽ കാണുന്നു. എല്ലാവരോടും അവരുടെ കുടുംബങ്ങളോടും ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഒറ്റയ്ക്കാണെന്ന് തോന്നരുത്! മാർപാപ്പ അവരെ എല്ലായ്പ്പോഴും ഓർക്കുന്നു, കഴിയുന്നിടത്തോളം അവർക്ക് ശബ്ദം നൽകുന്നത് തുടരും, അവരെ മറക്കില്ല.ഒരു പിതാവെന്ന നിലയിൽ തനിക്കും ഇതേ അനുഭവവും അതേ അനീതിയും ഉണ്ടായിരുന്നു എന്നറിഞ്ഞുകൊണ്ട് ഈ പിതാക്കന്മാർ വിശുദ്ധ ജോസഫിലേക്ക് വിശ്വാസത്തോടെ തിരിയട്ടെ. എല്ലാവരോടും അവരുടെ കുടുംബങ്ങളോടും ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഒറ്റയ്ക്കാണെന്ന് തോന്നരുത്! മാർപാപ്പ അവരെ എല്ലായ്പ്പോഴും ഓർക്കുന്നു, കഴിയുന്നിടത്തോളം അവർക്ക് ശബ്ദം നൽകുന്നത് തുടരും, അവരെ മറക്കില്ല.



# സമ്പദ്‌വ്യവസ്ഥ ജനങ്ങളെയും ഭൂമിയെയും സേവിക്കണം: ഫ്രാൻസിസ് മാർപാപ്പ

ആഗോള സമ്പദ്‌വ്യവസ്ഥയെ ജനങ്ങളുടെയും ഗ്രഹത്തിന്റെയും സേവനത്തിൽ ഉൾപ്പെടുത്തുന്നതിന് വ്യക്തമായ പ്രതിബദ്ധതകൾ ഉണ്ടാക്കാൻ, കോവിഡിന് ശേഷമുള്ള ഭാവിയെക്കുറിച്ച് വത്തിക്കാൻ കോൺഫറൻസിൽ പങ്കെടുക്കുന്നവരോട് ഫ്രാൻസിസ് മാർപാപ്പ അഭ്യർത്ഥിക്കുന്നു.

ഡികാസ്റ്ററി ഫോർ പ്രൊമോട്ടിംഗ് ഇന്റഗ്രൽ ഹ്യൂമൻ ഡെവലപ്മെന്റ് ബുധനാഴ്ച വത്തിക്കാൻ കോവിഡ്-19 കമ്മീഷനും ബഹുരാഷ്ട്ര പ്രൊഫഷണൽ സേവന ശൃംഖലയായ ഡെലോയിറ്റുമായി ചേർന്ന് ഒരു ഓൺലൈൻ കോൺഫറൻസ് സംഘടിപ്പി ക്കുകയുണ്ടായി.

''ഭാവി തയ്യാറാക്കൽ: സുസ്ഥിരവും ഉൾക്കൊള്ളുന്നതുമായ, പുനരുജ്ജീവിപ്പിക്കാവുന്ന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കൽ'' എന്ന തലക്കെട്ടിൽ, ബിസിനസ്സ്, ഫിനാൻസ്, ഡെവലപ്മെന്റ് ഇക്കണോമിക്സ്, അക്കാദമിക് മേഖലകളിലെ നേതാക്കൾ ഈ സമ്മേളനത്തിൽ അണിനിരന്നു.

കോവിഡ് വഴി സമൂഹങ്ങൾ മാറിക്കൊണ്ടിരിക്കുന്ന രീതികളെക്കുറിച്ച് പങ്കെടുത്തവർ ചർച്ച ചെയ്യുകയും പ്രകൃതിക്കും ആളുകൾക്കും സമൂഹത്തിനും കൂടുതൽ മൂല്യം നൽകുന്ന പുതിയ സാമ്പത്തിക മാതൃകകൾ വാഗ്ദാനം ചെയ്തു.

ബുധനാഴ്ച നടന്ന വെർച്വൽ പരിപാടിയിൽ പങ്കെടുത്തവർക്ക് അയച്ച സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പയും ചില ആഹ്വാനങ്ങൾ നടത്തി.

''ഞങ്ങൾ ഈ പ്രതിസന്ധിയിൽ നിന്ന് അതേപോലെ പുറത്തുവരില്ല'' എന്ന തന്റെ കാഴ്ച്ചപ്പാട് അദ്ദേഹം ആവർത്തിച്ചു, ആ ഭാവി ഒരുക്കുന്നതിൽ വത്തിക്കാൻ കോവിഡ് -19 കമ്മീഷൻ വഹിക്കുന്ന പങ്ക് ചൂണ്ടിക്കാട്ടി.

'ലാഭം, വിപുലീകരണം, ഹ്രസ്വകാലമല്ല തീരെ, ഹ്രസ്വകാല വരുമാനം' എന്നിവയ്ക്ക് പകരം 'തീവ്രമായ ദാരിദ്ര്യത്തിൽ നിന്ന് കരകയറുന്ന ആളുകളുടെ എണ്ണം' എന്നതിൽ അവരുടെ വിജയത്തിന്റെ അളവ് പുനർനിർവചിക്കാൻ പാപ്പ ബിസിനസ്സ് നേതാക്കളോട് അഭ്യർത്ഥിച്ചു.



തലശ്ശേരി അതിരൂപതയുടെ
നിയുക്ത ആർച്ചു ബിഷപ്പ്
കെ സി ബി സി
മീഡിയാകമ്മീഷൻ ചെയർമാൻ

**മാർ ജോസഫ് പാംബ്ലാനിക്ക്**

പ്രാർത്ഥനാശംസകൾ

കെ സി ബി സി
മീഡിയാകമ്മീഷൻ



പാലക്കാട് രൂപതയുടെ
നിയുക്ത ബിഷപ്പ്

**മാർ പീറ്റർ കൊച്ചുപുരക്കലിന്**

പ്രാർത്ഥനാശംസകൾ

വത്തിക്കാൻ വാർത്തകൾ



# 2025 ജൂബിലി വർഷത്തിന്റെ മുദ്രാവാക്യമായി; 'പ്രതീക്ഷയുടെ തീർത്ഥാടകർ'

വരാനിരിക്കുന്ന വിശുദ്ധ വർഷത്തിന്റെ പ്രമേയത്തിന് ഫ്രാൻസിസ് മാർപാപ്പ അംഗീകാരം നൽകി.
ജനുവരി 3-ന് ഫ്രാൻസിസ് മാർപാപ്പയുമായുള്ള ഒരു സദസ്സിന് ശേഷം സംസാരിച്ച ആർച്ച് ബിഷപ്പ് റിനോ ഫിസിചെല്ല, വരാനിരിക്കുന്ന ജൂബിലി വർഷത്തേക്കുള്ള മുദ്രാവാക്യം മാർപ്പാപ്പ അംഗീകരിച്ചതായി പറഞ്ഞു, 'അത് രണ്ട് വാക്കുകളിൽ സംഗ്രഹിക്കാം: പ്രത്യാശയുടെ തീർത്ഥാടകർ . '

ഏതൊരു മുദ്രാവാക്യത്തെയും പോലെ, ഇത് മുഴുവൻ ജൂബിലി യാത്രയുടെയും അർത്ഥം സംഗ്രഹിക്കാൻ ശ്രമിക്കുന്നതായി ആർച്ച് ബിഷപ്പ് ഫിസിചെല്ല വിശദീകരിച്ചു. തിരഞ്ഞെടുത്ത വാക്കുകൾ - തീർത്ഥാടകരും പ്രത്യാശയും - രണ്ടും ഫ്രാൻസിസ് മാർപാപ്പയുടെ പ്രധാന വിഷയങ്ങളെ പ്രതിനിധീകരിക്കുന്നു.  ജൂബിലിവർഷം സജീവമാക്കുന്നതിന്, മാർപ്പാപ്പയിൽ നിന്നുള്ള കൂടുതൽ സൂചനകൾക്കായി ഞാൻ കാത്തിരിക്കുകയാണ്,' ആർച്ച് ബിഷപ്പ് ഫിസിഷെല്ല കൂട്ടിച്ചേർത്തു, എന്നാൽ ഇതിനോടകം പ്രവർത്തനങ്ങൾ ആരംഭിച്ചു. മുൻഗണനകളിലൊന്ന് തീർഥാടകരുടെയും വിശ്വാസികളുടെയും സ്വീകരണമാണ്, വിശുദ്ധ വർഷത്തിൽ ധാരാളം തീർഥാടകരെ റോമിൽ പ്രതീക്ഷിക്കുന്നു - അടുത്ത രണ്ട് വർഷത്തിനുള്ളിൽ ആരോഗ്യ അടിയന്തരാവസ്ഥ ഇന്നത്തെപ്പോലെ പ്രവർത്തനങ്ങളെ ബാധിക്കില്ല എന്നാണ് പ്രതീക്ഷ.

'റോം മുനിസിപ്പാലിറ്റിമായും, ലാസിയോ റീജിയൻ അധികാരികളുമായും ഇറ്റാലിയൻ ഗവൺമെന്റുമായും' സഹകരണം സജീവമാണെന്ന് അദ്ദേഹം സ്ഥിരീകരിച്ചു, അതിനാൽ എല്ലാം സുരക്ഷിതമായും സന്ദർശകരെ ഏറ്റവും മികച്ച രീതിയിൽ സ്വീകരിക്കുന്നതിനുള്ള നഗരത്തിന്റെ ശേഷിക്ക് അനുസൃതമായും നടക്കാൻ കഴിയും. '



ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച അസാധാരണമായ 2015 കാരുണ്യത്തിന്റെ വിശുദ്ധ വർഷത്തെ തുടർന്ന്, വരാനിരിക്കുന്ന ജൂബിലി ഓരോരുത്തർക്കും ഇടയിൽ 25 വർഷത്തെ ഇടവേള വിടുന്ന മാനദണ്ഡത്തിന് അനുസൃതമായി നടക്കും. ലോകവും കത്തോലിക്കാ സഭയും പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്ന 2000 വർഷത്തിലാണ് ഏറ്റവും പുതിയ സാധാരണ ജൂബിലി നടന്നത്.

ജൂബിലി വർഷം കൃപയുടെ ഒരു പ്രത്യേക വർഷമാണ്, അതിൽ വിശ്വാസികൾക്ക് പൂർണ്ണമായ ദണ്ഡ വിമോചനം ലഭിക്കാനുള്ള സാധ്യത സഭ വാഗ്ദാനം ചെയ്യുന്നു. പരമ്പരാഗതമായി, ഇത് ക്രിസ്മസിന് തൊട്ടുമുമ്പ് ആരംഭിച്ച് അടുത്ത വർഷത്തെ ദനഹാത്തിരുനാളിൽ അവസാനിക്കും.






# വിശുദ്ധിയിൽ നമ്മുടെ വളർച്ചയ്ക്ക് അധ്വാനം അത്യന്താപേക്ഷിതമാണെന്ന് പാപ്പ

സെന്റ് ജോസഫിനെ കേന്ദ്രീകരിച്ച് ജനറൽ ഓഡിയൻസിലെ തന്റെ കാറ്റെസിസിൽ, ഒരു തൊഴിലാളിയെന്ന നിലയിൽ ജോസഫിന്റെ ജീവിതത്തിലേക്ക് ഫ്രാൻസിസ് മാർപാപ്പ വീക്ഷിക്കുകയും, നമ്മുടെ മാനുഷിക വികസനത്തിനും വിശുദ്ധിയുടെ വളർച്ചയ്ക്കും അധ്വാനത്തിന്റെ മഹത്വം അനിവാര്യമാണെന്ന് പറയുന്നു.
വിശുദ്ധ ജോസഫിലേക്ക് നോക്കുന്നത് ഇന്നത്തെ എല്ലാ തൊഴിലാളികളെയും, പ്രത്യേകിച്ച് ഖനികളിലും ചില ഫാക്ടറികളിലും കഠിനമായ ജോലി ചെയ്യുന്നവരെ ഓർമ്മിപ്പിക്കാൻ സഹായിക്കുന്നതായി, മാർപ്പാപ്പ പറഞ്ഞു.

ചൂഷണം ചെയ്യപ്പെടുന്നവരെയും 'ജോലി ചെയ്യാൻ നിർബന്ധിതരായ കുട്ടികളെയും കച്ചവടത്തിന് ഉപകാരപ്രദമായ എന്തെങ്കിലും തേടി ചവറ്റുകുട്ടകൾക്കിടയിൽ അലയുന്നവരെയും' മാർപാപ്പ പ്രത്യേകം അനുസ്മരിച്ചു. ഈ യാഥാർത്ഥ്യം ജോലിയില്ലാതെ കഷ്ടപ്പെടുന്നവരെയും, പ്രത്യേകിച്ച് അതിജീവിക്കാൻ പാടുപെടുന്ന കുടുംബങ്ങളെയും ഓർമ്മിപ്പിക്കുന്നു, മാർപാപ്പ കൂട്ടിച്ചേർത്തു.

''പകർച്ചവ്യാധിയുടെ ഈ കാലഘട്ടത്തിൽ, നിരവധി ആളുകൾക്ക് അവരുടെ ജോലി നഷ്ടപ്പെട്ടു – ചിലർ, താങ്ങാനാവാത്ത ഭാരത്താൽ തകർന്നു, സ്വന്തം ജീവൻ എടുക്കുന്ന ഘട്ടത്തിലെത്തി. അവരെയും അവരുടെ കുടുംബങ്ങളെയും ഇന്ന് ഓർക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ജോലി മനുഷ്യജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്നും 'വിശുദ്ധീകരണത്തിന്റെ പാത' പോലാണെന്നും മാർപ്പാപ്പ അടിവരയിട്ടു.

'ജോലി ഒരു ഉപജീവനമാർഗ്ഗം മാത്രമല്ല: അത് നാം സ്വയം പ്രകടിപ്പിക്കുകയും പ്രയോജന



പ്രദമായി തോന്നുകയും, മൂർത്തതയുടെ മഹത്തായ പാഠം പഠിക്കുകയും ചെയ്യുന്ന ഒരു ഇടം കൂടിയാണ്, ഇത് ആത്മീയ ജീവിതത്തെ ആത്മീയതയായി മാറുന്നതിൽ നിന്ന് തടയാൻ സഹായിക്കുന്നു.'

മനുഷ്യന്റെ അന്തസ്സിനെ മാനിക്കുന്നതിനും ഉപജീവനമാർഗം ഉറപ്പുനൽകുന്നതിനുമായി സംരക്ഷിക്കപ്പെടുന്നതിനുപകരം, തൊഴിലാളികൾ പലപ്പോഴും സാമൂഹിക അനീതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കുടുങ്ങുന്നു എന്നതാണ് സങ്കടകരമായ വസ്തുത, മാർപ്പാപ്പ നിരീക്ഷിച്ചു.

ഏതു മനോഭാവത്തോടെയാണ് നാം നമ്മുടെ ദൈനംദിന ജോലി നിർവഹിക്കുന്നതെന്നും നമ്മുടെ ജോലി മറ്റുള്ളവരുമായും നമ്മുടെ വിധിയുമായും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും സ്വയം ചോദിക്കുന്നത് നല്ലതാണെന്നും മാർപ്പാപ്പ പറഞ്ഞു.
വിശുദ്ധ ജോസഫിൽ നിന്ന് യേശു എങ്ങനെ പ്രവർത്തിക്കുകയും തന്റെ വ്യാപാരം പഠിക്കുകയും ചെയ്തുവെന്ന് കാണുന്നതും നല്ലതാണെന്ന് ഫ്രാൻസിസ് മാർപാപ്പ ചൂണ്ടിക്കാട്ടി.

''ഇന്ന്, ജോലിയുടെ മൂല്യം വീണ്ടെടുക്കാൻ നമുക്ക് എന്തുചെയ്യാനാകുമെന്ന് നാം സ്വയം ചോദിക്കണം; മാത്രമല്ല, സഭ എന്ന നിലയിൽ നമുക്ക് എന്ത് സംഭാവന നൽകാൻ കഴിയും, അങ്ങനെ ജോലിയെ കേവലം ലാഭത്തിന്റെ യുക്തിയിൽ നിന്ന് വീണ്ടെടുക്കാനും വ്യക്തിയുടെ മൗലികാവകാശമായും കടമയായും അനുഭവിക്കാനും കഴിയും, അത് അവന്റെ അല്ലെങ്കിൽ അവളുടെ അന്തസ്സ് പ്രകടിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു മാർപ്പാപ്പ പറഞ്ഞു.




കെ സി ബി സി ഐക്കൺ മീഡിയ
ഓൺലൈനിൽ
ബൈബിൾ പഠന പരമ്പര

അവതരണം :

ഡോ : ജേക്കബ് പ്രസാദ്




ഫ്രാൻസിസ് പാപ്പയുടെ

ആനന്ദിച്ച് ആഹ്ലാദിക്കുവിൻ

എന്ന പ്രബോധനം പരിചയപ്പെടാം

അവതരണം : ബ്ര. തോമസ് പോൾ കൊടിയൻ



Chavara Cultural Centre Kochi

# ഫാ. ആബേൽ
# ഗാനാലാപന മത്സരം

ആബേലച്ചന്റെ 102-ാം ജന്മദിനത്തോടനുബന്ധിച്ച്
ചാവറ കൾച്ചറൽ സെന്ററിന്റെയും കെ. സി. ബി. സി. മീഡിയ കമ്മീഷന്റെയും
സംയുക്താഭിമുഖ്യത്തിൽ 2-ാമത് ഫാ. ആബേൽ ഗാനാലാപന മത്സരം സംഘടിപ്പിക്കുന്നു.

ഏതെങ്കിലും ഒരു ക്രിസ്ത്യൻ ഭക്തിഗാനം പാടുന്നതിന്റെ വീഡിയോ
എഡിറ്റ് ചെയ്യാതെ വാട്സ്ആപ്പ് / ഇ- മെയിൽ ലഭിക്കത്തക്കവിധം അയക്കുക.
പശ്ചാത്തല സംഗീതം (ബാക്ക് ഗ്രൗണ്ട് മ്യൂസിക് & കരോക്കെ) ഉപയോഗിക്കാൻ പാടില്ല.
പരമാവധി സമയം 5 മിനിറ്റ്

2 ഗ്രൂപ്പുകളായാണ് മത്സരം സംഘടിപ്പിക്കുന്നത്.
Junior (പ്രായപരിധി 4 വയസു മുതൽ 12 വയസുവരെ)
Senior (13 വയസുമുതൽ 21 വയസുവരെ)

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.
2022 ഫെബ്രുവരിയിൽ പ്രശസ്ത ഗായകരെ പങ്കെടുപ്പിച്ചുകൊണ്ട്
കൊച്ചിയിൽ സംഘടിപ്പിക്കുന്ന 'ആബേൽ സംഗീത സന്ധ്യ' യിൽ
പാടുവാൻ വിജയികൾക്ക് അവസരം നൽകുന്നതാണ്.

ഫാ. തോമസ് പുതുശ്ശേരി CMI
ഡയറക്ടർ,
ചാവറ കൾച്ചറൽ സെന്റർ

ഫാ. എബ്രഹാം ഇരിമ്പിനിക്കൽ
സെക്രട്ടറി,
കെ. സി. ബി. സി. മീഡിയ കമ്മീഷൻ

9400068686, 8281054656  abelsong@gmail.com

ICON MEDIA ONLINE

KCBC NEWS
www.kcbcnews.com

www.kcbcmediacommission.com ICON MEDIA ONLINE KCBC MEDIA KCBC MEDIA kcbcmediacom KCBC NEWS www.kcbcnews.com



വാർത്തയും ചിന്തയും

# അസമത്വത്തിന്റെ ആഴങ്ങളിൽ വീണുപോയോ നമ്മുടെ രാജ്യം

വാർത്ത

**ആന്റണി ചടയംമുറി**

ഇന്ത്യയിലെ നഗരമേഖലയിലുള്ള 55.7 ശതമാനം സമ്പത്തും 10 ശതമാനം വരുന്ന സമ്പന്നരുടെ കൈകളിലാണ് ഗ്രാമങ്ങളിലെ 50.8 ശതമാനം സമ്പത്തും ധനികർ സ്വന്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഗ്രാമീണ മേഖലയിൽ 274.6 ലക്ഷം കോടിയുടെ ആസ്തിയുണ്ട്. ഇതിൽ 139. 6 ലക്ഷം കോടിയുടെ സ്വത്തും സമ്പന്നരുടെ കൈകളിലാണ്. താഴെ തട്ടിലുള്ള ഗ്രാമീണരുടെ കൈവശം ഗ്രാമങ്ങളിൽ 10.2 ശതമാനവും നഗരങ്ങളിൽ 6.2 ശതമാനം സ്വന്തമേയുള്ളൂ. ധനിക-ദരിദ്ര വിടവ് കൂടുതലുള്ള സംസ്ഥാനങ്ങൾ: ഡെൽഹി, മഹാരാഷ്ട്ര, തെലങ്കാന, കർണ്ണാടക, ഹിമാചൽ പ്രദേശ്. ഡെൽഹിയിലെ 80.8 ശതമാനം ആസ്തിയും 10 ശതമാനം വരുന്ന അതിസമ്പന്നരുടെ കൈവശമാണുള്ളത്. കോവിഡ് നാളുകളിൽ ഇടത്തരക്കാരുടെ ദരിദ്രരും കൂടുതൽ ഗതികേടിലായപ്പോൾ, ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ നിരയിൽ 40 പേർ കൂടി പുതിയതായെത്തി. അതിസമ്പന്നരുടെ നികുതി കേന്ദ്രം പിൻവലിച്ചതുവഴി 50,000 കോടി രൂപ പൊതുഖജനാവിന് നഷ്ടമായെന്നും കണക്കുണ്ട്. ഇന്ത്യയിൽ ദരിദ്രർ ഏറെയുള്ള സ്ഥലം യു.പി.യിലാണ്. ഗ്രാമത്തിന്റെ പേര്: ശ്രവസ്തി ഇവിടെയുള്ള ജനങ്ങളിൽ 74.38 ശതമാനവും ദരിദ്രരാണ്!

ചിന്ത

നമ്മുടെ ഭാവനങ്ങളും സ്വപ്നാഭിലാഷങ്ങളും പാവപ്പെട്ടവന്റെ സ്വർഗ്ഗാരോഹണത്തെ ഉദ്ദേശിച്ചുകൊണ്ട് രൂപം കൊള്ളാൻ തുടങ്ങിയാൽ, ശ്രേഷ്ഠമായ ആ മനോരാജ്യ വ്യത്യാസം പുതിയ ഒരു ഭാരതരാജ്യത്തിന്റെ സൃഷ്ടികാരണമായിത്തീരുക തന്നെ ചെയ്യും.

**സുകുമാർ ആഴീക്കോട്** (നവയാത്രകൾ എന്ന ഗ്രന്ഥത്തിൽ നിന്ന്)




**കെ സി ബി സി മീഡിയ കമ്മീഷൻ**

**ഉടൻ പ്രസിദ്ധീകരിക്കുന്നു**

**20 കഥകളുടെ**

**ഒരു വിസ്മയ ചെപ്പ്**

RN 55178/94
Total Pages 44 Date of Publication 28-11-2021



കെ.സി.ബി.സി മീഡിയാ കമ്മീഷൻ
സി.എം.സി. വിമലാ പ്രോവിൻസ് എറണാകുളത്തിന്റെ
സഹകരണത്തോടെ ഉടൻ പ്രസിദ്ധീകരിക്കുന്നു

**വിശുദ്ധ യൗസേപ്പ്**
**ഒളി മിന്നും താരകം**



റവ.സി.ഡോ. പ്രഭാ ഗ്രേസ് സി.എം.സി.
എഴുതിയ
വിശുദ്ധ യൗസേപ്പിതാവിന്റെ
ജീവചരിത്രം

*കത്തോലിക്കാസഭ
ആഗോളതലത്തിൽ ആചരിച്ച
വിശുദ്ധ യൗസേപ്പിതാവിന്റെ
വർഷാചരണത്തോടനുബന്ധിച്ച്
തയ്യാറാക്കിയ ഗ്രന്ഥം*

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.